# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ചാലക്കുടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ - 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ. (എം. 3) 161/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/04/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചാലക്കുടി മുനിസിപ്പാലിറ്റി

സർ,

**വിഷയം : ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ. (എം. 3) 161/2022 തീയ്യതി: 02/04/2022

## തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 72 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷാജി കെ | ജോയന്റ് ഡയറക്ടർ | 13-01-2022 | 29-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-01-2022 | 29-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഷീന.കെ.ടി,ഓഡിറ്റ് ഓഫീസർ (22.01.2022 വരെ)
ശ്രീ ശിവദാസൻ.എ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രവിദ.പി.എ),അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സിജു.പി.ഡാംസൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ്.എം.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ധന്യ സുരേന്ദ്രൻ, ഓഡിറ്റർ
ശ്രീ സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയന്തി പ്രവീൺ കുമാർ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടോബി തോമസ് | സെക്രട്ടറി | 01-04-2019 | 30-10-2019 |
| സുഭാഷ് എം കെ | സെക്രട്ടറി ഇൻ ചാർജ്ജ് | 31-10-2019 | 11-11-2019 |
| ആകാശ് എം എസ് | സെക്രട്ടറി | 12-11-2019 | 31-03-2020 |
| സുഭാഷ് എം കെ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ജയ പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 30-11-2019 |
| അശോക് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-12-2019 | 31-03-2020 |
| ബാലസുബ്രഹ്മണ്യം | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| പ്രദീപൻ എ.എം | പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |
| അഹമ്മദ് സഗീർ.സി.എസ് | കൃഷി ഓഫീസർ | 01-04-2019 | 30-09-2019 |
| പോൾ സ്റ്റീഫൻ | കൃഷി ഓഫീസർ | 01-10-2019 | 31-03-2020 |
| ഡോ.ജോഷ്കുമാർ.പി.സി | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-07-2019 |
| ഡോ.മിനി ഭരതൻ | വെറ്ററിനറി സർജൻ, അഡീഷണൽ ചാർജ്ജ് | 01-08-2019 | 23-08-2019 |
| ഡോ.ജോ കുരിയാക്കോസ് | വെറ്ററിനറി സർജൻ | 24-08-2019 | 31-03-2020 |
| സ്മിത ജോസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| കവിത | വ്യവസായ വികസന | 01-04-2019 | 31-03- |

| | | | |
|---|---|---|---|
| | ഓഫീസർ | | 2020 |
| റീന.കെ.യു | ഹെഡ്മിസ്ടസ്, എൽ പി സ്കൂൾ | 01-04-2019 | 31-03-2020 |
| ശാലിനി | ഹെഡ്മിസ്ടസ്, ഗേൾസ് ഹൈസ്കൂൾ | 01-04-2019 | 31-03-2020 |
| പുഷ്പവല്ലി.പി | ഹെഡ്മിസ്ടസ്, ബോയ്സ് ഹൈസ്കൂൾ | 01-04-2019 | 31-03-2020 |
| മേരി.പി.സി | ഹെഡ്മിസ്ടസ്, വി.ആർ പുരം ഹൈസ്കൂൾ | 01-04-2019 | 31-03-2020 |
| ജെയ്സി ആന്റണി | പ്രിൻസിപ്പാൾ, ജി.വി.എച്ച്.എസ്.എസ് | 01-04-2019 | 31-03-2020 |
| ഡോ.എം.ജി.ശിവദാസ് | സൂപ്രണ്ട്, താലൂക്കാശുപത്രി | 01-04-2019 | 24-09-2019 |
| ഡോ.ഷീജ.എൻ.എ | സൂപ്രണ്ട്, താലൂക്കാശുപത്രി | 25-09-2019 | 31-03-2020 |
| ഡോ.സിസി.എ.എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 27-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sheena K T (Audit Officer, On 27-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sheena K T (Audit Officer, On 27-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 27-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 27-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി-അവലോകനം<br>Written By: Sheena K T (Audit Officer, On 27-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sheena K T (Audit Officer, On 27-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sheena K T (Audit Officer, On 27-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-9 |
| 10 | 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: P.A.Pravida (Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-10 |
| 11 | മുൻകൂർ തുകയുടെ കണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-11 |
| 12 | വരവ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: P.A.Pravida (Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-12 |
| 13 | കിട്ടാൻ സാധ്യത ഇല്ലാത്ത തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: P.A.Pravida (Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-13 |
| 14 | ജേണൽ വൗച്ചർ,വർക്ക് ഷീറ്റ് ഇല്ലാതെ രേഖപ്പെടുത്തലുകൾ വരുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-14 |
| 15 | ജേണൽ വൗച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവും വരുമാനവും ക്രമീകരിക്കുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-15 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 29-01-2022) | 1-16 |

| | | |
|---|---|---|
| | Last Updated By: Sheena K T (Audit Officer, On 31-03-2022) | |
| 17 | വായ്പാ രജിസ്റ്റർ കൃത്യമല്ല<br>Written By: P.A.Pravida (Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-17 |
| 18 | ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sijo Thomas (Auditor, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-18 |
| 19 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-19 |
| 20 | IHSDP ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sijo Thomas (Auditor, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-20 |
| 21 | ക്ലോസിങ്ങ് സ്റ്റോക്കിൽ ചേർത്തിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-21 |
| 22 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-22 |
| 23 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-23 |
| 24 | " Capital Contribution" മൂല്യം ശരിയായി ചേർത്തിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-24 |
| 25 | ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-25 |
| 26 | " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല<br>Written By: Sijo Thomas (Auditor, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-26 |
| 27 | "Cheques Deposited But Not Credited"പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Sijo Thomas (Auditor, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-27 |
| 28 | " Directly Debited By Bank" -പരിശോധിക്കേണ്ടതാണ്<br>Written By: Sijo Thomas (Auditor, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-28 |
| 29 | "Directly Credited By Bank"പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Sijo Thomas (Auditor, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-29 |
| 30 | മിസലേനിയസ് എക്സ്പെൻഡിച്ചർ-രേഖകൾ ഹാജരാക്കിയില്ല<br>Written By: P.A.Pravida (Audit Officer, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-30 |
| 31 | വൗച്ചറുകൾ നിയമ പ്രകാരം സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 26-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-31 |
| 32 | നഗരസഭ വാർഷികകണക്കുകളോടൊപ്പം സമർപ്പിച്ച Key | 1-32 |

| | | |
|---|---|---|
| | Ratios, Cash Flow Statement എന്നിവ പരിശോധിച്ച് തയ്യാറാക്കിയ നിരീക്ഷണങ്ങൾ<br>Written By: P.A.Pravida (Audit Officer, On 02-02-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | |
| 33 | ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 02-02-2022)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-33 |
| 34 | കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-34 |
| 35 | എസ് എച്ച് കോൺവെന്റ് - അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിട വിവരങ്ങൾ പൂർണ്ണമല്ല<br>Written By: Sumitha T.S (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-35 |
| 36 | സെന്റ് മേരീസ് ഫൊറോന ചർച്ച് നവീകരണം-ന്യൂനതകൾ പൂർണ്ണമായും കക്ഷിയെ അറിയിച്ചില്ല<br>Written By: Sumitha T.S (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-36 |
| 37 | റെയിൽവേ എൻ ഒ സി വാങ്ങാതെ പെർമ്മിറ്റ് അനുവദിച്ചു<br>Written By: Sumitha T.S (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-37 |
| 38 | ധന്യ മിഷൻ ഹോസ്പിറ്റൽ-അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിച്ചിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-38 |
| 39 | ദിവസവേതനക്കാരുടെ EPF വിഹിതം അടവാക്കുന്നതിൽ കാലതാമസം - പിഴ അടവാക്കിയതു സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-39 |
| 40 | ഡിപ്പാർട്ട്മെന്റ് സപ്ലൈക്ക് ആധികാരികമായി രേഖകൾ ഹാജരാക്കിയില്ല.196868 രൂപയുടെ ചെലവ് ചെയ്തത് ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-40 |
| 41 | ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷൻ എസ്റ്റിമേറ്റിൽ സെന്റേജ് ചാർജ് നൽകിയത് അനുവദനീയമല്ല. ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-41 |
| 42 | ഫയലുകൾ ഹാജരാക്കിയില്ല. 7940361 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-42 |
| 43 | തച്ചുട പറമ്പ് കാന നിർമ്മാണം. പ്രവൃത്തി പൂർത്തീകരിക്കാത്തതിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-43 |
| 44 | തൊണ്ടു കടവ് സംരക്ഷണ പദ്ധതി. പദ്ധതി പൂർത്തീകരിക്കാൻ നടപടി എടുക്കേണ്ടതാണ്<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 26-03-2022) | 1-44 |

| | | |
|---|---|---|
| 45 | നഗര സഭ മാർക്കറ്റ് എ.ബി.സി ബ്ലോക്ക് നവീകരണം. പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 26-03-2022) | 1-45 |
| 46 | ഫയലുകൾ ഹാജരാക്കിയിട്ടില്ല. 3263805 രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-46 |
| 47 | വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-47 |
| 48 | വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-48 |
| 49 | കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല, 10,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-49 |
| 50 | വീട് ധനസഹായം- ഗുണഭോക്തൃ രജിസ്റ്റർ ഇല്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-50 |
| 51 | അന്നമനട ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥിക്ക് ആനുകൂല്യം നല്കി-ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 20,000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 1-51 |
| 52 | ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. 2,50,000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-52 |
| 53 | ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥിക്ക് ആനുകൂല്യം നല്കി-ലാപ്ടോപ്പിന്റെ വില 22703 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-53 |
| 54 | പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവ്-ന്യൂനതകൾ-279992 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-54 |
| 55 | ലാന്റ് അകിസിഷൻ ബാധ്യതകൾ - കൈപ്പറ്റ് രസീത് ഇല്ല-വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല-24993099 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-55 |
| 56 | കന്നുകുട്ടി പരിപാലന പദ്ധതി. എട്ടു പേർ നാമമാത്രമായി മാത്രം ഫീഡ് വാങ്ങിയിരിക്കുന്നു<br>Written By: Sheena K T (Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-56 |
| 57 | തൊഴിൽ നികുതി-രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി | 1-57 |

| | | |
|---|---|---|
| | സൂക്ഷിക്കേണ്ടതാണ്<br>Written By: Sijo Thomas (Auditor, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | |
| 58 | തൊഴിൽ നികുതി അപാകതകൾ<br>Written By: Sijo Thomas (Auditor, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-58 |
| 59 | നഗരസഭാ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Sijo Thomas (Auditor, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-59 |
| 60 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ-അപാകതകൾ<br>Written By: Sijo Thomas (Auditor, On 31-01-2022)<br>Last Updated By: Sijo Thomas (Auditor, On 07-02-2022) | 1-60 |
| 61 | പാലിയേറ്റീവ് കെയർ പ്രൊജക്റ്റ്- ഫിസിയോ തെറാപ്പിസ്റ്റിന്റെ നിയമനം-സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്<br>Written By: P.A.Pravida (Audit Officer, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-61 |
| 62 | അനുഗ്രഹ സദന് മരുന്ന് വാങ്ങി നൽകൽ-സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്<br>Written By: P.A.Pravida (Audit Officer, On 31-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-62 |
| 63 | വസ്തുനികുതി പരിശോധന - ഫയലുകൾ ഹാജരാക്കിയില്ല<br>Written By: Sijo Thomas (Auditor, On 02-02-2022)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-63 |
| 64 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Saleesh M.G (Asst. Audit Officer, On 30-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-64 |
| 65 | കമ്മിറ്റി തീരുമാനങ്ങൾ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Sheena K T (Audit Officer, On 07-02-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 1-65 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഡിപ്പാർട്ട്മെന്റ് സപ്ലൈക്ക് ആധികാരികമായി രേഖകൾ ഹാജരാക്കിയില്ല. 196868 രൂപയുടെ ചെലവ് ചെയ്തത് ഓഡിറ്റിൽ നിരാകരിക്കുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 29-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saleesh M.G (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Saleesh M.G (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Saleesh M.G (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |

| | | |
|---|---|---|
| | Written By: Saleesh M.G (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Saleesh M.G (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Saleesh M.G (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Saleesh M.G (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Saleesh M.G (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saleesh M.G (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 02-04-2022) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saleesh M.G (Asst. Audit Officer, On 28-01-2022)<br>Last Updated By: Sheena K T (Audit Officer, On 31-03-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 16.02.2019, തീരുമാനം 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 1,28,41,39,123 | 1,26,02,88,147 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.03.2020, തീരുമാനം നം. -1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 953975793 | 894250312 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിച്ച് സമർപ്പിച്ച തീയതി |
|---|---|---|
| 31.07.2019 | 03/08/20 | 03/09/2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 85394333.88 |
| വരവ് | 247939062 |
| ആകെ | 333333395.88 |
| ചെലവ് | 271350480 |
| നീക്കിയിരിപ്പ് | 61982915.88 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 50169278 | 50169278 | 33651243 | 16518035 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 16403000 | 16403000 | 7655491 | 8747509 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് (ACR പ്രകാരം) | 0 | 57346000 | 57346000 | 22913747 | 34432253 |
| മെയിന്റനൻസ് ഗ്രാന്റ്, | 0 | 11795000 | 11795000 | 6157250 | 5637750 |

| | | | | | |
|---|---|---|---|---|---|
| നോൺ-റോഡ് (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (Basic) | 0 | 66104000 | 66104000 | 36613959 | 29490041 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 374 | 278434191 | 205 | 110486414 | 164 | 5 | 54.81 |

## 1-6 തൊഴിലുറപ്പ് പദ്ധതി-അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ചെലവുകൾ | 2070251.50 | 5766623 | 7836874.5 | 7670950 | 165924.50 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 17040 | 4 |
| കർഷക തൊഴിലാളി പെൻഷൻ | 1423200 | 108 |
| വിധവാ പെൻഷൻ | 11970000 | 908 |
| വാർദ്ധക്യകാല പെൻഷൻ | 20541300 | 1556 |
| വികലാംഗ പെൻഷൻ | 2584900 | 196 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 694800 | 53 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 510000 | 17 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2022 ന് 3 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 103300/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കുകയോ മുൻകൂറുകൾ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2. നിലവിലുള്ള വരുമാനങ്ങൾ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും കണക്കുകളും കൃത്യമായി സൂക്ഷിക്കുന്നില്ല. വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് കണക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. നിരവധി സ്ഥാപനങ്ങളിൽനിന്നും സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയതായി കാണുന്നില്ല.

4. നഗരസഭയുടെ ജനറൽ കമ്മിറ്റി മീറ്റിംഗുകളുടെ മിനിറ്റ്സ് പരിശോധനയിൽ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി കമ്മിറ്റി അവലോകനം ചെയ്യുന്നതായി കാണുന്നില്ല.

## 1-10 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു

2019-20ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 15(1)&(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.13 മുതൽ 6.16വരെ) ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (542 കെട്ടിടങ്ങൾ) | 130109900-Rent From Building | 11,000,000.00 | 29.6.19 | 41900080 |
| 2. | വസ്തു നികുതി | 110010100 Poperty Tax (Geneal) | 34,000,000.00 | 29.6.19 | 41900078 |

വർഷാരംഭത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല, സാമ്പത്തിക വർഷാവസാനവും രേഖപ്പെടുത്തലുകൾ ഇല്ല. ഇതിൽ നിന്നും ഡിമാന്റ് തുക സാങ്കല്പികമാണെന്ന് കാണാവുന്നതാണ്.

ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിയമപ്രകാരമുള്ള ഡിമാന്റ്, റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വരവിനങ്ങളുടെ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

മേൽ കാരണങ്ങളാൽ വരവിനങ്ങളുടെ ഇനത്തിൽ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ചേർത്ത തുക, ബാലൻസ് ഷീറ്റിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11 മുൻകൂർ തുകയുടെ കണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102- Advance Collection Of Revenues-Profession Tax /Inst/Trad/Prof | 5890.00 |
| 2 | ഡി &ഒ | 350410301- Advance Collection Of Revenues-Licence Fees For Dangerous And | 1402423.00 |

| | | | |
|---|---|---|---|
| | | Offensive Trades | |
| 3 | അദർ ടാക്സസ് | 350410199- Advance Collection Of Revenues-Other Taxes | 2000.00 |
| 4 | വാടക | 350410401- Advance Collection Of Revenues-Rent From Civic Amenities. | 113063.00 |

## 1-12 വരവ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007 ലെ കേരള മുനിസിപ്പലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54എഫ് &ഐ), (കേരള മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59). നിലവിൽ വരവിനങ്ങൾക്ക് ഡിമാന്റ് രജിസ്റ്ററുകൾ മേൽപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

5. വിനോദനികുതി

6. വാടക ഡിമാന്റ് രജിസ്റ്റർ

7. മാർക്കറ്റ് ഫീ

8. ബസ് സ്റ്റാന്റ് ഫീ

ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും സംക്ഷിപ്തം തയ്യാറാക്കാതെയും കണക്കുകളിൽ വരുമാന ഇനങ്ങളുടെ ഡിമാന്റ് തുക സാങ്കല്പികമായി ചേർക്കുന്നതാണെന്ന് കാണുന്നു. ആയതിനാൽ വാർഷികകണക്കുകളിലെ വരുമാനങ്ങളുടെ ഡിമാന്റ് തുക, ബാലൻസ്ഷീറ്റിൽ ഈയിനത്തിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-13 കിട്ടാൻ സാധ്യത ഇല്ലാത്ത തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-21 പ്രകാരം, വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2020 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | 2019-20 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക |
|---|---|---|
| 1. | 432400101-Provision For Doubtful Receivable-Rent From Buildings | 19815.00 |
| 2. | 432300201- Provision For Doubtful Receivable-License Fees | 106250.00 |
| 3. | 432300201- Provision For Doubtful Receivable-Profession Tax /Inst/Trad/Prof | 713711.00 |
| 4.. | 432100100- Provision For Doubtful Receivable-Property Tax | 908432.00 |

എന്നാൽ ഇവയുടെ ലെഡ്ജർ പരിശോധിച്ചതിൽ 2012-13, 2013-14 വർഷങ്ങളിലെ പ്രൊവിഷൻ ആണ് കണക്കാക്കിയിരിക്കുന്നത്. കിട്ടാനുള്ള തുകകളുടെ പ്രൊവിഷൻ 2019-20 ഉൾപ്പെടെ വർഷാടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്.

## 1-14 ജേണൽ വൗച്ചർ,വർക്ക് ഷീറ്റ് ഇല്ലാതെ രേഖപ്പെടുത്തലുകൾ വരുത്തുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2007 ചട്ടം 7(1)&(2)) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം

ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-15 ജേണൽ വൗച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവും വരുമാനവും ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280209900-Prior Period-Other Income | 7423.00 |
| Prior Period-Opeation And Mainenance Expenses | 554457.00 |
| Prior Period-Miscellaneous Expenses | 1900606.00 |
| 280200401-Prior Period Administrative Expenses | 139930.00 |
| 280800100-Prior Period-Establishment Expenses | 633823.00 |
| 280800500-Prior Period- Programme Expenses | 220000.00 |

## 1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നം. 24,25,26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കുന്നില്ല.

## 1-17 വായ്പാ രജിസ്റ്റർ കൃത്യമല്ല

വായ്പയുടെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാലൻസ് 1,37,60,000.00 രൂപയാണ്. എന്നാൽ മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഫോം BR-1 മാതൃകയിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി വായ്പ രജിസ്റ്റർ തയ്യാറാക്കുകയോ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

## 1-18 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 608957.00 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-19 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 2679493.00 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുകയോ സ്റ്റോക്കിന്റെ മൂല്യനിർണയം നടത്തുകയോ ചെയ്തിട്ടില്ല. (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 12.21 മുതൽ 12.31 വരെ)

## 1-20 IHSDP ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

IHSDP ക്കായി ബാങ്ക് ഓഫ് ബറോഡയിൽ ഉള്ള എസ് ബി അക്കൗണ്ട് (നമ്പർ 34260100000703) വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-21 ക്ലോസിങ് സ്റ്റോക്കിൽ ചേർത്തിട്ടില്ല

2019-20 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി14 ൽ 430100200 Purchase Of Materials Stores എന്ന ഇനത്തിലുള്ള 10,06,732.00 രൂപ ക്യാൻസൽ ചെയ്ത് വർഷാവസാനം ക്ലോസിങ് സ്റ്റോക്കിലേക്ക് മാറ്റിയിട്ടില്ല.

## 1-22 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെയെല്ലാം ഡെപ്പോസിറ്റുകളാണ് തിരികെ നല്കേണ്ടതെന്ന് വ്യക്തമാക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

## 1-23 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം ബാധ്യത തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകളോ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത തുകകളോ വാർഷികകണക്കിൽ കാണുന്നില്ല.

## 1-24 " Capital Contribution" മൂല്യം ശരിയായി ചേർത്തിട്ടില്ല

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 3.17(ഡി) പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-25 ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 53))

| ക്രമ. നം | ബാങ്ക് | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|
| 1. | IHSDP Bank Of Baroda CURRENT ACCOUNT | 4/19 മുതൽ 3/2020 വരെ |

## 1-26 " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

SBI OWN FUND അക്കൗണ്ടിലെ 1000202 രൂപയുടെ കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 45)). ആയത് ക്രമീകരിക്കേണ്ടതാണ്.

## 1-27 "Cheques Deposited But Not Credited"പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 1045361/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

SBI OWN FUND

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 013275 | 2.4.15 | 3436 |
| 011119 | 9.5.15 | 328 |
| 559407 | 6.8.2015 | 32300 |
| 047826 | 26.8.19 | 250 |
| 000000699 | 5.8.19 | 1250 |
| Not Mentioned | Nil | 208438 |
| ,, | 25.12.17 | 25378 |
| 481461 | 16.12.17 | 36205 |
| Not Mentioned | 25.3.18 | 37636 |
| Not Mentioned | 1.7.17 | 7840 |
| Not Mentioned | 2.6.17 | 7780 |
| | | |

| | | |
|---|---|---|
| Not Mentioned | 25.6.17 | 79606 |
| 192800 | 8.2.18 | 17426 |
| Not Mentioned | 4.9.17 | 12375 |
| 324077 | 22.9.17 | 12500 |
| 324076 | 22.9.17 | 1250 |
| 356021 | 16.3.13 | 2700 |
| 512480 | 21.3.13 | 700 |
| 357476 | 28.2.14 | 1250 |
| 357477 | 28.2.14 | 11000 |
| 127207 | 3.7.14 | 672 |
| 2711817 | 30.4.14 | 5040 |
| 013275 | 2.5.15 | 1307 |
| 482815 | 8.9.15 | 40250 |
| 635570 | 27.9.15 | 36471 |
| 048168 | 10.2.16 | 20580 |
| 375561 | 27.7.16 | 3450 |
| Not Mentioned | 25.9.17 | 25111 |
| Not Mentioned | Nil | 179605 |
| 105602 | 25.3.19 | 24047 |
| 726790 | 10.11.16 | 5670 |
| 143 | 17.2.17 | 73250 |
| 134 | 17.2.17 | 2500 |
| 143 | 17.2.17 | 1250 |
| 1744896 | 8.3.17 | 2250 |
| 008661 | 31.3.17 | 24300 |
| Not Mentioned | 4.4.17 | 100000 |
| Not Mentioned | 7.12.17 | 50 |
| | ആകെ | 1045361 |

## 1-28 " Directly Debited By Bank" -പരിശോധിക്കേണ്ടതാണ്

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2020 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് നഗരസഭയുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, നഗരസഭയുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അതിന് ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

**A)** BANK OF BARODA(AUEGS)- 59447.17 രൂപ

B) SBI OWN FUND -3448523.47 രൂപ

## 1-29 "Directly Credited By Bank"പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്

"Directly Credited By Bank" എന്ന ഇനത്തിൽ (SBI OWN FUND-5022984.79 രൂപ, BANK OF BARODA(AUEGS)-60488.85രൂപ) ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് നഗരസഭക്ക് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-30 മിസലേനിയസ് എക്സ്പെൻഡിച്ചർ-രേഖകൾ ഹാജരാക്കിയില്ല

2019-20 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 20 യിലെ മിസലേനിയസ് എക്സ്പെൻഡിച്ചർ (To The Extent Not Write Off) എന്ന ഇനത്തിലെ 67,36,485.00 രൂപയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-31 വൗച്ചറുകൾ നിയമ പ്രകാരം സൂക്ഷിക്കുന്നില്ല

സാംഖ്യ സോഫ്റ്റ്‌വെയറിൽ ആണ് കണക്കുകൾ തയ്യാറാക്കുന്നതെങ്കിലും സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പറുകൾ മാന്വൽ ആയി വൗച്ചറുകളിൽ ചേർക്കുന്നു. ക്യാഷ്ബുക്ക്, ബാങ്ക് ബുക്കിൽ ഉള്ള പേയ്മെന്റ് വൗച്ചർ നമ്പർ അല്ല വൗച്ചറുകളിന്മേൽ രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളുടെ വൗച്ചറുകളും ക്രമമായി സൂക്ഷിക്കണമെന്നിരിക്കെ തനത് ഫണ്ടിന്റെ വൗച്ചറുകൾ മാത്രം ക്രമമായി സൂക്ഷിച്ചിരിക്കുന്നു. മാന്വൽ ക്യാഷ് ബുക്ക് സൂക്ഷിക്കുകയും പിന്നീട് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്തു വരുന്നത്.

## 1-32 നഗരസഭ വാർഷികകണക്കുകളോടൊപ്പം സമർപ്പിച്ച Key Ratios, Cash Flow Statement എന്നിവ പരിശോധിച്ച് തയ്യാറാക്കിയ നിരീക്ഷണങ്ങൾ

**1. Income &Expenditure Account പ്രകാരം മിച്ചം, എന്നാൽ വരുമാനം കണക്കാക്കിയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കാത്തതിനാൽ ആയത് സാക്ഷ്യപ്പെടുത്താനാകില്ല.**

1.1 ചാലക്കുടി നഗരസഭയുടെ 2019-20 വർഷത്തെ Income &Expenditure Account പ്രകാരം 2.11 കോടി രൂപ മിച്ചം/Surplus ഉണ്ട്. വസ്തു നികുതി ഉൾപ്പെടെയുള്ള Tax Revenue വരുമാനം ആയി ഉൾപ്പെടുത്തിയിട്ടുള്ളത് 4.73 കോടി രൂപയാണ്. എന്നാൽ നികുതി വരുമാനങ്ങളുടെ ഡിമാന്റ് തുകയുടെ കൃത്യത ഉറപ്പാക്കുന്ന രീതിയിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് തുകയുടെ കൃത്യത Income &Expenditure Account പ്രകാരം കണക്കാക്കുന്ന മിച്ചം തുകയേയും ബാലൻസ്ഷീറ്റ് പ്രകാരം ചേർത്തിട്ടുള്ള ഈയിനത്തിലുള്ള കുടിശ്ശികയേയും നേരിട്ട് ബാധിക്കുന്നു. ബാലൻസ് ഷീറ്റ് പ്രകാരം നികുതി ഇനങ്ങളിലുള്ള കുടിശ്ശിക 1.36 കോടിയാണ്. ഈ തുക ആരെല്ലാമാണ് തരാനുള്ളത് എന്ന് കണക്കാക്കാവുന്ന രീതിയിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വരുമാനം, കിട്ടാനുള്ള തുകകൾ എന്നിവ സംബന്ധിച്ച് ഓഡിറ്റ് സാക്ഷ്യപ്പെടുത്തുന്നില്ല.

**2. 2019-20 ൽ ക്യാഷ് /ബാങ്ക് തത്തുല്യമായവയുടെ 23.41 ലക്ഷം രൂപ കുറവ് സംഭവിച്ചു**

2.1 ക്യാഷ് ഫ്ലോ പത്രികയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Opening Balance Of Cash And Cash Equivalents On 1/4/19<br>(ക്യാഷ് /ക്യാഷിന് തുല്യമായവയുടെ മുന്നിരിപ്പ്) | 85394333.88 |
| Net Decrease In Cash And Cash Equivalents During 2019-20<br>(2019-20ൽ ക്യാഷ് /ക്യാഷിന് തുല്യമായവയിൽ സംഭവിച്ച കുറവ്) | (23411418.00) |
| Closing Balance Of Cash And Cash Equivalents On 31/3/20<br>(ക്യാഷ് /ക്യാഷിന് തുല്യമായവയുടെ നീക്കിയിരിപ്പ്) | 61982915.88 |

മേൽ പ്രകാരം ക്യാഷ് /ക്യാഷിന് തുല്യമായവയുടെ 23411418 രൂപ കുറവ് വന്നത് പ്രവർത്തനാടിസ്ഥാനത്തിൽ ഇനം തിരിച്ച് വിവരം ചുവടെ ചേർക്കുന്നു

| വിവരണം | തുക |
|---|---|
| Net Cash Generated By Operating Activities<br>(ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നും ഉണ്ടായ ക്യാഷ്) | 30034960.00 |
| Net Cash Generated/Used Up By Investing Activities<br>(ആസ്തി നിർമാണം, ബാധ്യത തിരിച്ചടവ് ഉടങ്ങിയ നിക്ഷേപ പ്രവൃത്തികളിൽ വിനിയോഗിച്ച കാഷ്) | (52197262.00) |
| Net Cash Generated/Used Up By Financing Activities<br>(ധനകാര്യ പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിച്ച കാഷ്) | (1249116.00) |
| Net Result<br>(2019-20 വർഷത്തിൽ ക്യാഷ്/ക്യാഷ് തത്തുല്യമായവയിൽ ആകെയുണ്ടായ കുറവ്) | (23411418.00) |

ക്യാഷ് ഫ്ലോ പത്രിക പ്രകാരം Net Cash Generated By Operating Activities 3.00 കോടി രൂപ ആണെങ്കിലും 2019-20 വർഷത്തിൽ ആകെയുള്ള പ്രവർത്തനഫലമായുള്ള കാഷ് ഫ്ലോ നെഗറ്റീവ് ആയാണ് കാണുന്നത്. അതായത്, 2019-20 വർഷത്തിൽ ക്യാഷ്/ക്യാഷ് തത്തുല്യമായവയിൽ ആകെയുണ്ടായ കുറവ് 23.41ലക്ഷം രൂപയാണ്. അതായത് മുനിസിപ്പാലിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള Cash Inflow യിൽ നിന്നും ദൈനം ദിന പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക കുറവ് ചെയ്ത് മിച്ചമുള്ള തുക 3.00 കോടി രൂപയാണെങ്കിലും മുനിസിപ്പാലിറ്റിയുടെ മറ്റ് പ്രവർത്തനങ്ങളിൽ നിന്ന് തുക ലഭിക്കുകയും ചെലവഴിക്കുകയും ചെയ്ത് കഴിഞ്ഞപ്പോൾ 23.41 ലക്ഷം രൂപയുടെ കുറവാണ് 2019-20 വർഷം ഉണ്ടായത്. ഇതിന് കാരണം Investing പ്രവർത്തനങ്ങൾക്ക് 5.23 കോടി രൂപയും വായ്പ, മുൻകൂർ നല്കൽ എന്നിവയ്ക്ക് 12.49 ലക്ഷവും വിനിയോഗിച്ചതാണ്. Investing പ്രവർത്തനങ്ങൾക്ക് തുക കൂടുതലായി വിനിയോഗിക്കുന്നത് ക്രിയാത്മകമായി കണക്കാവുന്നതാണ്. എന്നാൽ ആസ്തി നിർമാണ പ്രവർത്തനങ്ങൾക്കല്ല മറിച്ച് 350000000 - Other Liabilities,311000000 Earmarked Funds, എന്നീ ശീർഷകങ്ങളിൽപ്പെടുന്ന ബാധ്യത അടച്ച് തീർക്കാനാണ് 5.47 കോടിയിൽ (4.73കോടി +74.43 ലക്ഷം) 5.21കോടി രൂപയും ചെലവഴിച്ചത് എന്ന് കാണാം. അതായത് മുനിസിപ്പാലിറ്റിയുടെ ദൈനം ദിന പ്രവർത്തനത്തിൽ നിന്ന് 3.00 കോടി രൂപ Cash Inflow ഉണ്ടായെങ്കിലും ബാധ്യത തിരിച്ചടക്കാൻ തന്നെ 5.21 കോടി രൂപ ചെലവഴിച്ച എന്ന് കാണാം. ആസ്തി നിർമാണത്തിന് 3.61 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നും കാണാം.ആയതിൽ 2.55 കോടി രൂപ ലാന്റ് അക്വിസിഷൻ കേസിന്റെ പലിശ ഇനത്തിലും ആദായ നികുതി ഇനത്തിലും അടവാക്കിയ തുകയാണ് (2019-20 ഓഡിറ്റ് റിപ്പോർട്ട് ഖ.1-55 കാണുക). ആയത് കുറവ് ചെയ്യുമ്പോൾ 1.06 കോടി രൂപ മാത്രമേ യഥാർത്ഥത്തിൽ ആസ്തി നിർമ്മാണത്തിനായി നിനിയോഗിച്ചിട്ടുള്ളൂ എന്ന് കാണുന്നു. എന്നാൽ അത് സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. ചുരുക്കത്തിൽ ദൈനം ദിന പ്രവർത്തന Cashflowയിൽ നിന്നും തുക ബാധ്യത തിരിച്ചടക്കാനാണ് ഉപയോഗിച്ചിരിക്കുന്നത്. നഗരസഭ ദൈനം ദിന പ്രവർത്തനങ്ങൾ നടത്തുന്നതിനായി സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നുണ്ട് എന്ന് പത്രികയിൽ നിന്ന് വ്യക്തമാണ്.

**2. ആകെ വരുമാനത്തിന്റെ 19.3% തനത് വരുമാനം, ആകെ വരുമാനത്തിന്റെ 26.56% തനത് ചെലവ്, വ്യത്യാസം 7.26%**

2.1 നഗരസഭ വാർഷികകണക്കിനോടൊപ്പം സമർപ്പിച്ച Key Ratios ൽ നിന്നും സ്ഥാപനത്തിന്റെ ആകെ വരുമാനത്തിൽ 79.84% വും സർക്കാർ ഗ്രാന്റുകളാണെന്ന് കാണാം. നികുതി വരുമാനം 13.57% ഉം വാടക വരുമാനം 3.38%ഉം ഫീസിനത്തിലുള്ള വരവ് 2.43% ആണ്.ആകെ വരുമാനത്തിന്റെ 19.3% മാത്രമാണ് തനത് ഫണ്ട് വരുമാനം.

ആകെ വരുമാനത്തിന്റെ 20.59 % ശമ്പള ചെലവുകൾക്കും, 1.14% ഭരണ ചെലവുകൾക്കും 4.83% മറ്റ് പ്രവർത്തന ചെലവുകൾക്കും ചെലവഴിക്കുന്നു. അതായത് ആകെ വരുമാനത്തിന്റെ 19.3% മാത്രം തനത് വരുമാനം ആയിരിക്കെ ആകെ വരുമാനത്തിന്റെ 26.56% തനത് വരുമാനം ഉപയോഗിച്ചുള്ള ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരുന്നു. 2019-20 ലെ മാത്രം വിടവ് 7.26% ആണ്. ഇത് ഓരോ വർഷവും വർദ്ധിക്കുന്നു. വിവിധ നിബന്ധനകളോടെ ലഭിക്കുന്ന സർക്കാർ ഗ്രാന്റ് തുകകൾ ഉപയോഗിച്ച് നഗരസഭയുടെ ദൈനം ദിന പ്രവർത്തനങ്ങൾ നടത്താനാവില്ല എന്നതിനാൽ സ്ഥാപനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു

**3. നഗരസഭയുടെ ചെറിയ കാലയളവിലെ ബാധ്യത തിരിച്ചടക്കാനുള്ള ശേഷി 67% മാത്രം**

3.1 നഗരസഭയുടെ Key Ratios ൽ നിന്നും സ്ഥാപനത്തിന്റെ Current Ratio .66 ആണെന്ന് കാണുന്നു. അതായത് ചെറിയകാലയളവിൽ തന്നെ അടവാക്കേണ്ട ബാധ്യത തുകയുടെ 66% ആസ്തികൾ മാത്രമെ ആ കാലയളവിൽ പണമാക്കി മാറ്റുന്നതിനായി നഗരസഭയ്ക്കുള്ളൂ എന്നാണ് കാണുന്നത്. നഗരസഭക്ക് കിട്ടാനുള്ള തുകകൾ ഉൾപ്പെടെയാണത്. നഗരസഭക്ക് കിട്ടാനുള്ള തുകകളുടെ കൃത്യത കണക്കാനുള്ള ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ ഇല്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ഉൾപ്പെടെ കണക്കിലെടുത്താണ് ഇത് കണക്കാക്കിയിരിക്കുന്നത്. ഇതിന് പുറമെ കോടതി വിധി പ്രകാരം നല്കേണ്ട ലാന്റ് അക്വസിഷൻ കോംപൻസേഷൻ തുകയും അതിന്റെ പലിശയും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ കൂടി കണക്കിലെടുത്താൽ ബാധ്യതകൾ തിരിച്ചടക്കാനുള്ള ശേഷി വീണ്ടും കുറയുന്നതായി കാണാം. (തുകകൾ 31/3/20 ലെ ബാലൻസ് ഷീറ്റ് പ്രകാരം)

| | |
|---|---|
| വിവിധ ഡെപ്പോസിറ്റ് തുകകൾ ബാധ്യതയായുള്ളത് | 15.67 കോടി |
| ശമ്പളം, ശമ്പള റിക്കവറികൾ, മറ്റ് റിക്കവറികൾ അടവാക്കാനുള്ളത് | 6.62 കോടി |
| ആകെ ബാധ്യതകൾ | 22.29 കോടി |

| | | |
|---|---|---|
| നികുതി നികുതിയേതര തുകകൾ കിട്ടാനുള്ളത് | | 8.4കോടി |
| ബാങ്ക് ക്യാഷ് നീക്കിയിരിപ്പ് | 61982915.88 | |
| കുറയ്ക്കുക -ആയതിൽ ഉൾപ്പെട്ട ബാധ്യതകൾ B-2 | 10000.00 | |
| B-4 | 18908907.00 | |
| | | 4.3കോടി |
| ആകെ | | 12.7 കോടി |

31/3/21 ലെ ബാലൻസ്ഷീറ്റ് പ്രകാരം 22.29 കോടി രൂപ ബാധ്യത ഉണ്ടായിരിക്കെ 6.19 കോടി രൂപ മാത്രം ക്യാഷ് ബാങ്ക് നീക്കിയിരിപ്പായി കാണുന്നു. കുടിശ്ശിക തുകകൾ പിരിച്ചെടുത്താൽ 12.7 കോടി രൂപ നീക്കിയിരിപ്പ് ഉണ്ടായിരിക്കെ 22.29 കോടി രൂപ ബാധ്യത ഉള്ളതായി കാണുന്നു. ഇതിൽ 10.52കോടി രൂപ വാടക നിക്ഷേപം ആണ്. അത് ഉടനടി അടവാക്കേണ്ടി വരില്ല എന്ന് കണക്കാക്കിയാലും മറ്റ് ബാധ്യതകൾ തീർപ്പാക്കാനാവശ്യമായ നീക്കിയിരിപ്പ് തുക ബാങ്കിൽ ഇല്ല എന്ന് കാണാം.

31/3/20 ൽ ശമ്പളം, റിക്കവറികൾ, മറ്റ് നിയമപരമായ റിക്കവറികൾ എന്നിവ അടവാക്കുന്നതിനാവശ്യമായ തുക 6.62കോടി ആയിരിക്കെ അത്രയും തുക നഗരസഭയിൽ നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല എന്ന് കാണാം. നിയമപരമായ റിക്കവറികൾ,നിയമപരമായ അടവാക്കലുകൾ എന്നിവ താത്കാലികമായി അടവാക്കാതെയാണ് മുനിസിപ്പാലിറ്റി ദൈനം ദിന ചെലവുകൾ നടത്തുന്നതെന്ന് കാണുന്നു.

## 1-33 ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ തൻ വർഷ ഡിപ്രിസിയേഷൻ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടില്ല. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം54(5)ജി) പ്രകാരം ഡിപ്രിസിയേഷൻ കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതായിരുന്നു.

## 1-34 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ സംബന്ധിച്ച്

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ ചാലക്കുടി നഗരസഭയിൽ പ്രാബല്യത്തിലാക്കിയിട്ടില്ല. നിലവിൽ നഗരസഭ മുറികൾ ലേലം ചെയ്യുമ്പോഴും വാടകയ്ക്ക് നൽകുമ്പോഴും നിഷ്കർഷിക്കുന്ന നിബന്ധനകൾ ഭരണസമിതി തീരുമാനപ്രകാരമാണോ എന്ന് വ്യക്തമല്ല. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി അംഗീകൃതമാക്കേണ്ടതാണ്. (ഫയൽ നമ്പർ ആർ4-12753/19)

(ഓഡിറ്റ് എൻക്വയറി 23/22.01.2022)

## 1-35 എസ് എച്ച് കോൺവെന്റ് - അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിട വിവരങ്ങൾ പൂർണ്ണമല്ല

ഫയൽ നമ്പർ-ഇ3-126014/19/12.3.18

മദർ സുപ്പീരിയർ,

എസ് എച്ച് കോൺവെന്റ്

ചാലക്കുടി

നിലവിലുള്ള പഴയ സ്കൂൾ കെട്ടിടം ഡിമോളിഷ് ചെയ്ത് പുതിയ കെട്ടിടം പണിതത്(519.61എം2) റഗുലറൈസ് ചെയ്യുന്നതിനായാണ് അപേക്ഷ സമർപ്പിച്ചത്. കെട്ടിടം KMBR ന് വിധേയമായതിനാൽ റഗുലറൈസ് ചെയ്ത് 14.10.19 ൽ ഒക്യുപൻസി നൽകി. ഫയൽ പരിശോധിച്ചതിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വിസ്തൃതി | റിമാർക്സ് |
|---|---|---|
| 1 | 542.64എം2 | സ്കൂൾ |
| 2 | 846.20 | ,, |
| 3 | 224.90 | ,, |
| 4 | 1159.56 | ,, |
| 5 | 1030.02 | കോൺവെന്റ് |
| 6 | 109.82 | ,, |
| 7 | 107.65 | ,, |
| 8 | 180.30 | ,, |
| 9 | 136.56 | ,, |
| 10 | 58.80 | ,, |
| 11 | 346.10 | ചർച്ച് |
| 12 | 457.60 | കോൺവെന്റ് |
| 13 | 185.14 | ,, |
| 14 | 652.34 | ,, |
| 15 | 139.59 | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. |

റവന്യൂ വിഭാഗത്തിലെ അസസ് മെന്റ് രജിസ്റ്റർ പ്രകാരം 21/1129 മുതൽ 1133 വരെയുള്ള നമ്പറുകളാണ് പ്രസ്തുത കെട്ടിടത്തിന് നല്കിയിട്ടുള്ളത്. എന്നാൽ 21/1131 നമ്പറിന്റെ ഏരിയ മാത്രമേ (144 എം2) അസസ്മെന്റ് രജിസ്റ്ററിൽ ഉള്ളൂ.

റവന്യൂ വിഭാഗത്തിൽ ഉള്ള കണക്കുകളും പ്ലാനിലെ കണക്കുകളും തമ്മിൽ ഏരിയയിൽ വന്ന വ്യത്യാസത്തിൽ നിന്നും റവന്യൂ വിഭാഗത്തിലെ രജിസ്റ്ററുകൾ കൃത്യമല്ല എന്നാണ് വ്യക്തമാകുന്നത്. പ്രസ്തുത അപാകത ഫയലിൽ ഓവർസിയർ നോട്ട് ചെയ്തിട്ടും ഈ വിഷയത്തിൽ യാതൊരു തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയത്തിൽ പരിശോധന നടത്തി രജിസ്റ്ററുകളിൽ വിവരങ്ങൾ ചേർത്ത് ആധികാരികമാക്കേണ്ടതും നികുതി ഈടാക്കുവാൻ ബാധ്യതയുള്ള കെട്ടിടങ്ങളുടെ നികുതി കണക്കാക്കി ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-8/20.1.2022)

## 1-36 സെന്റ് മേരീസ് ഫൊറോന ചർച്ച് നവീകരണം-ന്യൂനതകൾ പൂർണ്ണമായും കക്ഷിയെ

## അറിയിച്ചില്ല

ഫയൽ നമ്പർ- ഇ3-121013/19

വികാർ സെന്റ് മേരീസ് ഫൊറോന ചർച്ച് ചാലക്കുടി, ചർച്ചിന്റെ നവീകരണ പ്രവൃത്തികളുടെ അനുമതിക്കായി സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ നവീകരണം നടത്തുന്ന പള്ളിയുടെ അടുത്തായി സ്ഥിതി ചെയ്യുന്ന കൺവെൻഷൻ സെന്റർ കെട്ടിടത്തിന്റെ വിസ്തൃതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം 556 എം2 ഉം പ്ളാനിൽ 1687.70 എം2 ആണെന്നും, കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി റിപ്പോർട്ടിന്റെ ഒറിജിനൽ കൂടി ഹാജരാക്കണം എന്നും ആവശ്യപ്പെട്ട് ന്യൂനത പരിഹാര റിപ്പോർട്ട് കക്ഷിക്ക് അയച്ചിട്ടുണ്ട്. എന്നാൽ കൺവെൻഷൻ സെന്ററിന്റെ ഗ്രൗണ്ട് ഫ്ളോറിൽ പാർക്കിങ്ങിനായി രേഖപ്പെടുത്തിയ ഭാഗം മുറികളായി തിരിച്ച് ഉപയോഗിച്ചു വരുന്നതായി 14.11.19 ലെ നോട്ടിൽ രേഖപ്പടുത്തിയിട്ടുണ്ട്. കൂടാതെ പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിലം ആയ 531/5&531/3 എന്നീ സർവ്വെകളിലാണ് കൺവെൻഷൻ സെന്റർ സ്ഥിതി ചെയ്യുന്നതെന്ന് പ്ലാനിൽ കാണുന്നു. 531/3പരിവർത്തനം ചെയ്യുന്നതിന് ആർഡിഒ യുടെ അനുമതി വാങ്ങിയിട്ടുണ്ട്. എന്നാൽ 531/5 പരിവർത്തനം ചെയ്യുന്നതിന് അനമതി ഇല്ല. കൺവെൻഷൻ സെന്ററിന്റെ ക്രമവല്ക്കരിക്കാനുള്ള 1054.10എം2 ഏരിയ ഈ സർവ്വെയിൽ ഉൾപ്പെടുന്നതിനാൽ മേൽ ന്യൂനത കൂടി കക്ഷിയെ അറിയിക്കേണ്ടതയിരുന്നു. കൂടാതെ അനധികൃതമായി പാർക്കിങ്ങ് ഏരിയ അടച്ചുകെട്ടി മുറികളാക്കി ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ആയി (എൻക്വയറി നമ്പർ-5/19.1.22) പ്രസ്തുത അപേക്ഷയിന്മേൽ തുടർ നടപടി ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല എന്നും കക്ഷിക്ക് നൽകിയ ന്യൂനത പരിഹാര അറിയിപ്പ് പ്രകാരം ന്യൂനത പരിഹരിച്ച് പ്ലാൻ പുന സമർപ്പിക്കുന്ന മുറക്ക് നെൽവയൽ തണ്ണീർത്തട നിയമങ്ങൾക്ക് വിധേയമായി മാത്രമേ നടപടി സ്വീകരിക്കു എന്നും അറിയിച്ചിട്ടുണ്ട്.

മേൽ അപാകതകൾ കൂടി കക്ഷിയെ അറിയിച്ച് കെട്ടിടം ക്രമവല്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി സെക്ഷൻ 242 പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 റെയിൽവേ എൻ ഒ സി വാങ്ങാതെ പെർമ്മിറ്റ് അനുവദിച്ചു

ഫയൽ നമ്പർ-000435/20

ജിജോ ചന്ദ്രൻ

ഒരവൻതുരുത്തി

ചാലക്കുടി

മേൽ ഫയൽ പ്രകാരം 11.3.20 ൽ ടിയാന് ബിൽഡിങ്ങ് പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമ്മിറ്റിന്റെ Conditons ൽ KMBR 2019 ചട്ടം 17 പ്രകാരമുള്ള നിബന്ധനകൾ പാലിക്കണം എന്ന് രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത ഫയലിൽ ചേർത്തിരിക്കുന്ന സതേൺ റെയിൽവേ സീനിയർ സെക്ഷൻ എഞ്ചിനീയറുടെ കത്തിൽ റെയിൽവേ ബൗണ്ടറിയിൽ നിന്നും 30 മീറ്റർ വരെയുള്ള നിർമ്മാണത്തിന് റെയിൽവേ എൻഒസി ആവശ്യമാണെന്നും ശ്രീ ജിജോ ചന്ദ്രന്റെ പേരിലുള്ള കെട്ടിടം എൻഒസി വാങ്ങാതെ പണിതു കൊണ്ടിരിക്കുകയാണെന്നും എൻഒസി വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. പ്രസ്തുത കെട്ടിടത്തിന് പ്ലാൻ പ്രകാരം റെയിൽവേ ബൗണ്ടറിയിൽ നിന്നും 26 മീറ്റർ ആണ് സെറ്റ് ബാക്ക് ഉള്ളത്. 18.10.21 ൽ എൻഒസി ക്കായി പ്ലാൻ സഹിതം ഡിവിഷണൽ റെയിൽവേ മാനേജർ വർക്സ്, ഡിവിഷണൽ വർക്സ് ബ്രാഞ്ചിന് അയച്ചിട്ടുണ്ട്.

KMBR 2019 ചട്ടം 5(4) (2) പ്രകാരം 30 മീറ്ററിനുള്ളിൽ വരുന്ന നിർമ്മാണങ്ങൾക്ക് ബന്ധപ്പെട്ട റെയിൽവേ അധികാരിയിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. പ്രസ്തുത ചട്ടത്തിൽ അപേക്ഷകൻ എൻഒസി വാങ്ങിയില്ലെങ്കിൽ സെക്രട്ടറി പെർമ്മിറ്റ് നല്കുന്നതിന് മുമ്പ് ആയത് വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ചട്ട പ്രകാരം ഉള്ള നിബന്ധനകൾ പാലിക്കാതെ പെർമ്മിറ്റ് നല്കുന്നത് ഭാവിയിൽ വ്യവഹാരങ്ങൾക്കിടയാക്കും എന്നതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 ധന്യ മിഷൻ ഹോസ്പിറ്റൽ-അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിച്ചിട്ടില്ല

ഫയൽ നമ്പർ-ഇ2-1113131/20

മദർ സുപ്പീരിയർ,

ധന്യ മിഷൻ ഹോസ്പിറ്റൽ

പോട്ട.

ധന്യ മിഷൻ ഹോസ്പിറ്റലിനോട് കൂട്ടി ചേർത്തിരിക്കുന്ന നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യുന്നതിനാണ് അപേക്ഷ സമർപ്പിച്ചത്. നിലവിൽ നഗരസഭയിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി അടവാക്കുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തൃതി 7181.08 എം2 ഉം സൈറ്റ് പരിശോധന പ്രകാരം 14791.69 എം2 ഉം ആണ്. സൈറ്റ് വെരിഫിക്കേഷനിലും പ്ലാന്റെ പരിശോധനയിലും കണ്ട അപാകതൾ ന്യൂനത പരിഹരിക്കുന്നിനായി സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

1. അസസ്മെന്റ് രജിസ്റ്ററിനേക്കാളും അധികരിച്ച് 7610.61എം2 നിർമ്മാണം നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളോട് ചേർത്ത് നടത്തിയിരിക്കുന്നു. കൂടാതെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത 1135.44എം2 നിർമ്മാണവും സ്ഥലത്ത് നടത്തിയിട്ടുണ്ട്.

2. സമർപ്പിത പ്ലാനിൽ ഷെഡ്സ് എന്ന രേഖപ്പെടുത്തിയവയുടെ Purpose വ്യക്തമാക്കിയിട്ടില്ല.

3. നിലം ആയി പൊസഷനിൽ രേഖപ്പെടുത്തിയ സർവ്വെകളിൽ നടത്തിയ നിർമ്മാണങ്ങൾക്ക് ആർ ഡി ഒ യിൽ നിന്നുള്ള അനുമതി ലഭ്യമാക്കിയിട്ടില്ല.

4. ഇ പൊസഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

5. ഭൂമിയുടെ അവകാശിയുടെ പേര് ഹാജരാക്കിയ ഡോക്യുമെന്റ്സിലും അസസ്മെന്റ് രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

6. പ്ലോട്ടിലെ സർവ്വെ നമ്പറുകൾ വ്യക്തമാക്കിയിട്ടുള്ള സ്കെച്ച് ഹാജരാക്കിയിട്ടില്ല. ആർഡിഒ യിൽ നിന്നുള്ള അപ്രൂവ്ഡ് സർവ്വെ സ്കെച്ചും ഹാജരാക്കിയിട്ടില്ല.

7. റഗുലറൈസ് ചെയ്യേണ്ട ഏരിയ പ്ലാനിൽ മാർക്ക് ചെയ്തിട്ടില്ല.

8. റഗുലറൈസ് ചെയ്യുന്നതിന് DTP യുടെ ലേ ഔട്ട് അപ്രൂവൽ ലഭ്യമാക്കേണ്ടതാണ്.

9. KMBR 2019 റൂൾ 26(10) പ്രകാരം ആവശ്യമായ Mandatory Open Space ൽ നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്.

10. റൂൾ 81 (6) പ്രകാരമുള്ള ലംഘനങ്ങൾ സൈറ്റിലും സമർപ്പിത പ്ലാനിലും ഉണ്ട്.

മേൽ ന്യൂനതകൾ ചൂണ്ടിക്കാട്ടി 12.1.2021 ൽ ആണ് കത്ത് കക്ഷിക്ക് നല്കിയിട്ടുള്ളത്. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് യാതൊരു നടപടിയും സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ആയതിനാൽ അനധികൃത നിർമ്മാണമായി കണക്കാക്കി കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 402 പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 ദിവസവേതനക്കാരുടെ EPF വിഹിതം അടവാക്കുന്നതിൽ കാലതാമസം - പിഴ അടവാക്കിയതു സംബന്ധിച്ച്

ഫയൽ നമ്പർ എ2-5723/12

ചാലക്കുടി നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ഇ.പി.എഫ് അടവാക്കുന്നതിലെ കാലതാമസം മൂലം 08/11 മുതൽ 12/19 വരെ പലിശ, ഡാമേജസ് ഇനത്തിൽ57996/ രൂപയും04/13 മുതൽ 02/18 വരെ 12644 രൂപയും അടക്കം ആകെ 70440 രൂപ അടവാക്കിയിട്ടുണ്ട്. കൂടാതെ താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ശ്രീ നിതീഷിന്റെ 02/19,04/19,05/19 മാസങ്ങളിലെ EPFഅടയ്ക്കുന്നതിന് കാലതാമസം മൂലം വന്ന പിഴയിനത്തിൽ 2104രൂപയും അടച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | വൗച്ചർ നം./ തീയതി | തുക | ചെക്ക് നമ്പർ |
|---|---|---|---|
| 1 | 91/19.12.2019 | 70440 | 803395/20.12.2019 |
| 2 | 92/19.12.2019 | 2104 | 803396/20.12.2019 |

നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാലാണ് ഇപിഎഫ് റിക്കവറി അടവാക്കുന്നതിന് കാലതാമസം വന്നിട്ടുള്ളത് എന്ന്

മേൽപ്രകാരം അടവാക്കിയ 70440 രൂപയ്ക്ക് സാധൂകരണം ലഭിക്കുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറിക്ക് നഗരകാര്യഡയറക്ടർ മുഖാന്തിരം നൽകിയ അപേക്ഷയിൽ പറയുന്നു. (എ2-15633/17 Dt21.12.2019). സാധൂകരണം ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. നഗരസഭയുടെ തനത് വരുമാനം ഉയർത്തുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 35/24.01.2022)

## 1-40 ഡിപ്പാർട്ട്മെന്റ് സപ്ലൈക്ക് ആധികാരികമായി രേഖകൾ ഹാജരാക്കിയില്ല.196868 രൂപയുടെ ചെലവ് ചെയ്തത് ഓഡിറ്റിൽ നിരാകരിക്കുന്നു

അട്ടാത്തോട് കെട്ടി സംരക്ഷണം.
പാലിയം പാടം ബൈലൈൻ. വി.ആർ.പുരം. ഐ.ടി.സി ഗ്രീൻവാലി റോഡ് റീടാറിംഗ്.

എസ്.ഒ. 116/18

ആകെ പ്രവർത്തി മൂല്യം. 818962(0.52% ടെൻഡർ ബിലോ കഴിച്ച്)

ബിൽ തയ്യാറാക്കിയ തിയ്യതി.27/03/2019

MB NO. 112/18-19

Page .19

20/03/2019

വൗച്ചർ നമ്പർ. 21901748/ 17-04-2019

തുക. 777621

നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

ഈ പ്രവർത്തിയിൽ ഡിപ്പാർട്ട് മെന്റൽ മെറ്റീരിയൽ ആയി 196868 രൂപയുടെ ടാർ ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഇതേത്തുടർന്ന് ഓഡിറ്റിൽ താഴെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നു.

1. ടാർ വാങ്ങി നൽകിയതിന് നഗരസഭ ടാർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ.

2. കരാറുകാരൻ ടാർ റിക്വയർമെന്റ് അനുസരിച്ച് ടാർ വാങ്ങി കൊണ്ടുവന്ന എങ്കിൽ ഒറിജിനൽ ബിൽ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടോ.

3. പ്രവർത്തിക്കുള്ള റിക്വയർമെന്റ് കണക്കാക്കിയതിന്റെ രേഖയുണ്ടോ.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ-4/ 18-01-2022) നഗരസഭ മുനിസിപ്പൽ എഞ്ചിനീയർക്ക് കൈമാറിയിട്ടുള്ളതാണ്.

എന്നാൽ നഗരസഭ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ മേൽപ്രകാരമുള്ള സപ്ലൈ വിശദീകരിക്കുന്ന തരത്തിലുള്ളതായിരുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് രജിസ്റ്റർ, ബിൽ എന്നിവയുടെ കാര്യത്തിൽ കൃത്യമായ വിശദീകരണം നൽകാനോ, ടാർ വാങ്ങിയതിന്റെ ഇൻവോയ്സ് എന്നിവ ഹാജരാക്കാനോ ആയിട്ടില്ല. മെറ്റീരിയിൽ റിക്വയർമെന്റ് തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കാനായത്. ഇതേത്തുടർന്ന് മെറ്റീരിയൽ സപ്ളൈ ചെലവു നഷ്ടമായി കണക്കാക്കാതിരിക്കാൻ മതിയായ കാരണം അറിയിക്കാനാവശ്യപ്പെട്ട് വീണ്ടും ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (എൻക്വയറി നമ്പർ-32/ 22-01-2022). എന്നാൽ നഗരസഭ 28/01/22 ന് നൽകിയ മറുപടിയിൽ, നൽകിയ രേഖയിൽ കൂടുതലായി യാതൊന്നും ഹാജരാക്കാനില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ തൃപ്തികരമായ വിശദീകരണത്തിന്റെയും, രേഖകളുടേയും അഭാവത്തിൽ 196868 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-41 ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷൻ എസ്റ്റിമേറ്റിൽ സെന്റേജ് ചാർജ് നൽകിയത് അനുവദനീയമല്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ. 189/21

ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷൻ

ചലാൻ പ്രകാരം തുക അടച്ച തിയ്യതി. 07/01/2020

063981/ 07-01-20(SBI)

നിർവ്വഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

KPW മാന്വൽ 1601.4ലെ വ്യവസ്ഥ അനുസരിച്ച് ലോക്കൽ സെൽഫ് ഗവൺമെന്റ് സ്ഥാപനങ്ങളെ PWDയിൽ നിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് പ്രിപ്പറേഷനായുള്ള 2.5% സെന്റേജ് ചാർജ് അടക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല 16.04.2018ലെ സ.ഉ.(സാധാ)നം.1069/2018/തസ്വഭവ പ്രകാരം എസ്റ്റിമേറ്റ് പ്രിപ്പറേഷനായി സെന്റേജ് ചാർജ് നൽകേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 185000 രൂപ സെന്റേജ് ചാർജ് ഒടുക്കിയത് ക്രമപ്രകാരമല്ല. മാത്രമല്ല ഫിനാൻസ് (ഇൻഡസ്ട്രീസ് ആന്റ് പബ്ളിക് വർക്സ് ബി) വകുപ്പിന്റെ 18/2019/Fin തിയ്യതി. 01/03/2019 ഉത്തരവു പ്രകാരം പൊതുമരാമത്തു പ്രവൃത്തികളുടെ വിവിധ തരത്തിലുള്ള കോൺട്രാക്ട് തുകയായി കണക്കാക്കേണ്ടുന്ന എസ്റ്റിമേറ്റ് എന്നാൽ ജി.എസ്.ടി ഉൾപ്പെടാത്ത തുകയാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ടൗൺഹാളിൽ ഇലക്ട്രിഫിക്കേഷൻ എന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനായി തൃശ്ശൂർ പി.ഡബ്ള്യൂ.ഡി ഇലക്ട്രോണിക്സ് ഡിവിഷന് സെന്റേജ് ചാർജ് കണക്കാക്കിയത് GST ഉൾപ്പെട്ട തുകയിലാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

ആകെ എസ്റ്റിമേറ്റ് തുക. 6598461.38

ജി.എസ്.ടി 12% 791815.37

ആകെ 7390276.75

സെന്റേജ് ചാർജ് 2.5% 184756 Rounded To 185000

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായ വിശദീകരണം തരാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ അധികം തുക നൽകിയ നടപടി ക്രമപ്രകാരമല്ല എന്ന് വിലയിരുത്തി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ. 30/22-01-2022

## 1-42 ഫയലുകൾ ഹാജരാക്കിയില്ല. 7940361 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രധാനപ്പെട്ട പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 11/21-01-2022)തന്നെ ഹാജരാക്കാത്ത രേഖകളുടെ കാര്യത്തിൽ 1997 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ, ചട്ടം 12(2) പ്രകാരം തന്നെ നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ഫയലുകൾ ഹാജരാക്കി എന്ന് നഗരസഭ 28/01/22 ന് മറുപടി നൽകിയെങ്കിലും ആവശ്യപ്പെട്ട ഫയലുകളിൽ താഴെ ചേർക്കുന്ന ഒൻപതു ഫയലുകൾ ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയതിനാൽ അവയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവു പത്രിക പ്രകാരം ചിലവ് | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1 | 197/20 | സെന്റ് ജയിംസ് കനാൽ ബൈ ലൈൻ പുനരുദ്ധാരണം | 999112 | (472720) 21901757/17-04-19 (526392) 21901878/30-10-19 |

| | | | | |
|---|---|---|---|---|
| 2 | 198/20 | ചർച്ച് ലിങ്ക് റോഡ് മൂന്നാം ഘട്ടം | 880752 | (100000) 21901793/01-06-19 (780752) 21901807/ 11-07-19 |
| 3 | 200/20 | ഹൗസിംങ് ബോർഡ് കോളനി കാന നവീകരണം | 841365 | 21901768 01-06-19 |
| 4 | 204/20 | പട്ടിക ജാതി സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം | 1006267 | (919038) 21901744/17-04-19 (87229) 21901850/19-08-19 |
| 5 | 237/20 | കോരഞ്ചിറ കളം പുനരുദ്ധാരണം | 599822 | 21901841 16-08-21 |
| 6 | 242/20 | സൗത്ത് ബസ് സ്റ്റാൻഡ് നവീകരണം | 619263 | 21901844 16-08-19 |
| 7 | 285/20 | മാത, ഫോറസ്റ്റ് ഡിപ്പോ, പ്ലൈവുഡ് ഫാക്ടറി, എഫ്.സി.ഐ റോഡുകളുടെ റീടാറിംഗ് | 1021121 | 21901815 12-07-19 |
| 8 | 289/20 | വാർഡ് 35 പറൂക്കാരൻ നങ്ങിണി റോഡ് | 920413 | 21901857 15/07/19 |
| 9 | 292/20 | കനാൽ പാലം ഉറുമ്പൻ കുന്ന് റോഡ് വാർഡ് 34 കോൺവെന്റ് റോഡ് പുനരുദ്ധാരണം | 1052246 | 21901784 10/07/19 |
| | | | 7940361 | |

## 1-43 തച്ചട പറമ്പ് കാന നിർമ്മാണം. പ്രവൃത്തി പൂർത്തീകരിക്കാത്തതിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നമ്പർ. E1.125409/19

തച്ചട പറമ്പ് റോഡ് കാന നിർമ്മാണം വാർഡ് 30

പ്രോജക്ട് നമ്പർ. 80/20

ഈ പ്രവൃത്തി 556247.27 രൂപ എഗ്രീഡ് പി.എ.സി ക്ക് മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റി ഏറ്റെടുത്തിട്ടുള്ളതാണ്.

എഗ്രിമെന്റ് നമ്പർ – 56/2019-20

തിയ്യതി - 14/01/2020

പാർട്ട് ബിൽ തിയ്യതി – 17/08/2020

പ്രവൃത്തിമൂല്യം – 275339.03

MB No. 131/19-20

നിർവ്വഹണോദ്യോഗസ്ഥൻ. അസി എഞ്ചിനീയർ

16/05/2020 ൽ സ്വകാര്യ വ്യക്തിയുടെ മതിൽ ഇടിഞ്ഞു പോകുമെന്ന കാരണത്താൽ സൊസൈറ്റി പ്രവൃത്തി നിർത്തി വെച്ചു. ഇതു സംബന്ധിച്ച കത്ത് മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ നടപടി ആയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ നഗരസഭ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത് എന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ്

എൻക്വയറി നമ്പർ.41/25-01-2022) നഗര സഭ മറുപടി നൽകിയിട്ടുണ്ട്. സ്ഥാപനം പിന്നീട് പ്രവൃത്തി പൂർത്തിയാക്കാൻ വന്നിട്ടില്ല എന്നും റിടെൻഷൻ ഈടാക്കിയിട്ടുണ്ട് എന്നും നഗരസഭക്ക് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ല എന്നും മറുപടി നൽകിയിരിക്കുന്നു. എന്നാൽ ഇത്രയും കാലത്തിനിടക്ക് നഗരസഭ ഈ സ്ഥാപനം ഉന്നയിച്ച ഒരു പ്രശ്നത്തിന് കൃത്യമായ മറുപടി നൽകുകയോ, നോട്ടീസ് അയക്കുകയോ ചെയ്തിട്ടില്ല. ഇത് ആഭ്യന്തരസംവിധാനത്തിന്റെ വീഴ്ചയായി വിലയിരുത്തുന്നു. ഈ വിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 തൊണ്ടു കടവ് സംരക്ഷണ പദ്ധതി. പദ്ധതി പൂർത്തീകരിക്കാൻ നടപടി എടുക്കേണ്ടതാണ്

ഫയൽ നമ്പർ. E1.126199/99

തൊണ്ടുകടവ് കെട്ടി സംരക്ഷണ പദ്ധതി.

എഗ്രിമെന്റ് നമ്പർ. 39/ 2019-20 Dt. 14/11/19

കരാറുകാരൻ. ബൈജു.കെ.ടി

പാർട്ട് ബില്ലിനായി അവസാന ചെക്ക് മെഷർമെന്റ് നടന്ന തിയ്യതി. 28/05/2020

MB No. 28/20-21 പേജ്.10

പാർട്ട് ബിൽ തിയ്യതി. 30/10/2020

പാർട്ട് ബിൽ തുക. 115517

ഇതു വരെയും പണി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്തതിന് മതിയായ ഒരു കാരണവും ഫയലിൽ ചേർത്തിട്ടില്ല. എന്നാൽ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് നൽകിയ മറുപടിയിൽ ഗെയിൽ പൈപ്പ് ലൈൻ ഇടേണ്ടി വരുമെന്നതിനാൽ പണി നടത്തിയത് കൊണ്ട് ഗുണമുണ്ടാകില്ല എന്നതിനാലാണ് പണി നടത്താതിരുന്നത് എന്ന് അറിയിച്ചിരിക്കുന്നു. നിലവിലെ അവസ്ഥ എന്താണ് എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തി നടത്താനാവില്ല എങ്കിൽ കരാർ റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

## 1-45 നഗര സഭ മാർക്കറ്റ് എ.ബി.സി ബ്ലോക്ക് നവീകരണം. പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഫയൽ നമ്പർ. E1.80-167/19

നഗരസഭ മാർക്കറ്റ് - എ.ബി.സി ബ്ലോക്ക് നവീകരണം

എഗ്രിമെന്റ് നമ്പർ. 93/ 2018-19 Dt. 28/02/2019

കരാറുകാരൻ. N.P.ജോസ്

പാർട്ട് ബില്ലിനായി അവസാന ചെക്ക് മെഷർമെന്റ് നടന്ന തിയ്യതി. 23/03/2019

MB No. 136/18-19 പേജ്.10

പാർട്ട് ബിൽ തിയ്യതി. 26/03/2019

പാർട്ട് ബിൽ തുക -139111/-

റിടെൻഷൻ -3478/-

എഗ്രീഡ് പി.എ.സി-800000/-

അസി.എഞ്ചിനീയർ

നാളിതു വരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് മതിയായ ഒരു കാരണവും ഫയലിൽ ചേർത്തിട്ടില്ല. പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 1-46 ഫയലുകൾ ഹാജരാക്കിയിട്ടില്ല. 3263805 രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രധാനപ്പെട്ട പ്രോജക്കുകളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 11/21-01-2022)തന്നെ ഹാജരാക്കാത്ത രേഖകളുടെ കാര്യത്തിൽ 1997 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ, ചട്ടം 12(2) പ്രകാരം തന്നെ നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ഫയലുകൾ ഹാജരാക്കി എന്ന് നഗരസഭ 28/01/22 ന് മറുപടി നൽകിയെങ്കിലും ആവശ്യപ്പെട്ട ഫയലുകളിൽ താഴെ ചേർക്കുന്ന 11 ഫയലുകൾ ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയതിനാൽ അവയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ നമ്പർ | പ്രോജക്റ്റിന്റെ പേര് | ചെലവു പത്രിക പ്രകാരം ചിലവ് | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 218/20 | വാർഡ് 34 ലെ ഉറുമ്പൻ കുന്ന് കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 137229 | 21901734/17-04-19 |
| 2 | 219/20 | വാർഡ് 31 ലെ ഫസ്റ്റ് അവന്യൂ റോഡ് പുനരുദ്ധാരണം | 180089 | 21901746/17-04-19 |
| 3 | 220/20 | വാർഡ് 35 ലെ പോട്ട ആശ്രമം ബൈലൈയിൻ റോഡുകളുടെ പുനരുദ്ധാരണം | 383988 | 21901751/17-04-19 |
| 4 | 222/20 | ഓമഗലത്ത് അക്കരക്കാരൻ റോഡ് റീടാറിംഗ് | 227108 | 21901747/17-04-19 |
| 5 | 223/20 | പി.എം.ജി കോളേജ് ബൈലൈൻ റോഡ് റീടാറിംഗ് | 172175 | 21901752/17-04-19 |
| 6 | 224/20 | വാർഡ് 26 ലെ അംബൂക്കൻ റോഡ് റീടാറിംഗ് | 455129 | 21901753/17-04-19 |
| 7 | 225/20 | വാർഡ് 35 ലെ ഈനാർക്കുളം റോഡ് പുനരുദ്ധാരണം | 420309 | 21901735/17-04-19 |
| 8 | 227/20 | വാർഡ് 28 ലെ വിവിധ റോഡുകളുടെ പുനരുദ്ധാരണം | 467103 | 21901745/17-04-19 |
| 9 | 228/20 | വാർഡ് 24 ലെ വിവിധ റോഡുകളുടെ പുനരുദ്ധാരണം | 318300 | 21901749/17-04-19 |
| 10 | 229/20 | ആശാരിപ്പാറ ഗ്രൗണ്ട് നിർമ്മാണം | 199995 | 21901765/07-06-19 |
| 11 | 233/20 | വി.ആർ പുരം ഹയർ സെക്കൻഡറി സ്കൂൾ പൂർത്തീകരണം | 302380 | 21901863/04-09-19 |
| | | ആകെ | 3263805 | |

## 1-47 വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവൃത്തിയിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) ലംഘിച്ചിട്ടും കേരള പൊതുമരാമത്ത് മാന്വൽ 2012 ഖണ്ഡിക 2112, മേൽ പറഞ്ഞ കരാറിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ, തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018 ലെ എ.സി2/223/16 തസ്വഭവ നമ്പർ സർക്കുലർ എന്നിവ പ്രകാരമുള്ള ഒരു പിഴയും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി നടത്താത്തതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അതിൻമേൽ നഗരസഭ ഭരണ സമിതി തീരുമാനം എടുക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ, പ്രായോഗികമായ സമയ ദീർഘീകരണം ചെയ്യുകയോ ഉണ്ടായിട്ടില്ല. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഈ നടപടി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ നിയമാനുസൃത പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ 28/01/22 ൽ മറുപടി നൽകിയിട്ടുണ്ട്. 31/07/2021 ലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 1444/2021/ തസ്വഭവ ഉത്തരവ് പ്രകാരം കോവിഡ് കാലത്തെ ലോക്ക്ഡൗൺ മൂലമുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആറു മാസക്കാലത്തേക്ക് പിഴയില്ലാതെ പ്രവൃത്തികൾ നീട്ടിനൽകാൻ കഴിയും എന്ന് അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളിലൊന്നും ഇപ്പറഞ്ഞ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടവയായിരുന്നില്ല എന്നതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ പിഴ ഫൈനൽ ബിൽ തയ്യാറാക്കിയ ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി.40/25-01-2022)

നിർവ്വഹണോദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ് തിയ്യതി/ സൈറ്റ് ഹാൻഡ് ഓവർ തിയ്യതി | T.S നമ്പർ, നിയമാനുസൃത കാലാവധി | കരാറുകാരന്റെ പേര് | പ്രവൃത്തി പൂർത്തീകരിച്ച അവസാന ചെക്ക് മെഷർമെന്റ് തിയ്യതി/എം ബുക്ക് | എഗ്രീഡ് .പി.എ.സി | ഈടാ ക്കാവുന്ന പിഴ |
|---|---|---|---|---|---|---|---|---|
| 1 | 288/20 | വാർഡ് 13. ഫാം റോഡ് ബൈലൈൻ കാന നിർമാണം, സ്ലാബ് ഇടൽ | 119/2018-19 08/03/2019 | 3 Months | ഷിജു.കെ.ടി | M.B.64/19-20. Page.24. 18/11/2019 | 616860.3 | 18505 |

## 1-48 വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) ലംഘിച്ചിട്ടും കേരള പൊതുമരാമത്ത് മാന്വൽ 2012 ഖണ്ഡിക 2112, മേൽ പറഞ്ഞ കരാറിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ, തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018 ലെ എ.സി2/223/16 തസ്വഭവ നമ്പർ സർക്കുലർ എന്നിവപ്രകാരമുള്ള ഒരു പിഴയും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി നടത്താത്തതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അതിൻമേൽ പഞ്ചായത്തു സമിതി തീരുമാനം എടുക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ, പ്രായോഗികമായ സമയ ദീർഘീകരണം ചെയ്യുകയോ ഉണ്ടായിട്ടില്ല. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഈ നടപടി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ നിയമാനുസൃത പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്. 31/07/2021 ലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 1444/2021/ തസ്വഭവ ഉത്തരവ് പ്രകാരം കോവിഡ് കാലത്തെ ലോക്ക്ഡൗൺ മൂലമുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആറ് മാസക്കാലത്തേക്ക് പിഴയില്ലാതെ പ്രവൃത്തികൾ നീട്ടിനൽകാൻ കഴിയും എന്ന് അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളിലൊന്നും ഇപ്പറഞ്ഞ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടവയായിരുന്നില്ല എന്നതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ പിഴ ഫൈനൽ ബിൽ തയ്യാറാക്കിയ ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി.40/25-01-2022)

നിർവ്വഹണോദ്യോഗസ്ഥൻ. മുനിസിപ്പൽ എഞ്ചിനീയർ.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ് തിയ്യതി | T.S നമ്പർ, നിയമാനുസൃത കാലാവധി | കരാറുകാരന്റെ പേര് | പ്രവൃത്തി പൂർത്തീകരിച്ച അവസാന ചെക്ക് മെഷർമെന്റ് തിയ്യതി/എം ബുക്ക് | എഗ്രീഡ് .പി.എ.സി | കണക്കാ ക്കാവുന്ന പിഴ ആകെ 3% |
|---|---|---|---|---|---|---|---|---|
| 1 | 313/20 | വനിതാ ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | No. 7/17-18 തിയ്യതി. 18/01/18 | 1 Year Asper Bill Document. 31/03/2019 | എം.കെ ഷാബു | 208/18-19 Page 14 19/10/19 | 3035594.97 | 91068 |
| 2 | 116/18 | അട്ടാത്തോട് കെട്ടി സംരക്ഷണം. പാലിയം പാടം ബൈ ലെയിൻ. വി.ആർ.പുരം ഐ.ടി.സി | 112/2016-17 തിയ്യതി. 31/03/17 | As Per Work Order Memmo. 3 Months | കെ.കെ. ജയിംസ് | MB.112/18-19. Page.19 20/03/2019 | 825000 | 24750 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | റോഡ് റീടാറിംഗ് | | | | | | |
| | | | | | | | | 115818 |

## 1-49 കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല, 10,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 3/20-വയോമിത്രം പദ്ധതി (G3-12062/19) | 15 | 20/7/19 | 1000000 | സാമൂഹ്യ സുരക്ഷമിഷന് നല്കിയ തുകയുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 10,00,000 രൂപ തടസ്സപ്പെടുത്തുന്നു. ഇവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. |

(ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-50 വീട് ധനസഹായം- ഗുണഭോക്തൃ രജിസ്റ്റർ ഇല്ല

ഗുണഭോക്താക്കൾക്ക് ഗഡുക്കളായി ധനസഹായം നല്കുന്ന പ്രോജക്റ്റുകളിൽ ഗുണഭോക്താക്കൾക്ക് നല്കുന്ന തുക നല്കുന്നതും പണി പൂർത്തീകരിക്കുന്നതും നിരീക്ഷിക്കുന്നതിന് ഓരോ വർഷവും തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ പേരും അവർക്ക് വിവിധ ഘട്ടങ്ങളിലായി നല്കുന്ന തുകയുടെയും വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. സെക്രട്ടറി നടപ്പാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകൾ പ്രകാരം തുക നല്കിയതിന്റെ വിവരങ്ങൾ ഇപ്രകാരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ ഗുണഭോക്താവിനും ആ പ്രോജക്റ്റ് പ്രകാരം അർഹമായ തുക, ഓരോ സ്റ്റേജിലും വിവിധ ഫണ്ടിൽ നിന്ന് നല്കിയ തുക, മുഴുവൻ തുകയും നല്കിയോ, ധനസഹായം അർഹമായ തുക അധികരിച്ചോ തുടങ്ങിയ വിവരങ്ങൾ സ്ഥാപനത്തിന് തന്നെയോ ഓഡിറ്റിനോ പരിശോധിക്കാനാകുന്നില്ല. പ്രോജക്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ചെലവ് തുക |
|---|---|
| 13/20ലൈഫ് / പി എം എ വൈ ജനറൽ | 8970000 |
| 339/20ലൈഫ് / പി എം എ വൈ ജനറൽ | 1880000 |

രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2021-22 സാമ്പത്തികവർഷം രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 63 തീ.28/1/21 ന് മറുപടി നല്കിയിട്ടുണ്ട്.

## 1-51 അന്നമനട ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥിക്ക് ആനുകൂല്യം നല്കി-ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 20,000 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 17/20-പട്ടിക ജാതി വിഭാഗക്കാർക്ക് സ്കോളർഷിപ്പ് G3/122429/19 | 48 | 25/11/19 | 2,60,000 | ഇതിൽ കുമാരി അനാമിക കെ കെയ്ക്ക് (ബിരുദ വിദ്യാർത്ഥിനി) 20,000 രൂപ നല്കിയിരിക്കുന്നു. എന്നാൽ വരുമാന സാക്ഷ്യപത്രം, ബാങ്ക് പാസ്സ്ബുക്ക്, ആധാർ എന്നിവ പ്രകാരം ഇവർ അന്നമനട ഗ്രാപഞ്ചായത്തിൽ കല്ലൂർ |

| | | | | |
|---|---|---|---|---|
| | | | | കിഴക്കുമുറിയിൽ താമസിക്കുന്നവരാണ്. പാസ്സ്ബുക്ക് 17/10/2018 ലാണ് ഇഷ്യൂ ചെയ്തിരിക്കുന്നത്. ഗുണഭോക്താവ് അന്നമനട ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പാക്കുന്നതിന് പഞ്ചായത്തിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ സ്കോളർഷിപ്പ് തുക 20,000 രൂപ തടസ്സപ്പെടുത്തുന്നു. |

(ഓഡിറ്റ് എൻക്വയറി 52 തീ 27/1/21)

## 1-52 ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. 2,50,000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 130/20 കാൻ തൃശ്ശൂർ വിഹിതം നല്കൽ | 40 | 10/11/19 | 2,50,000 |

മേൽ പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് കാൻ തൃശ്ശൂർ എന്ന പ്രോജക്റ്റിന് വിഹിതം നല്കിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഔദ്യോഗിക രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ ചെലവ് തുക 2,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 52 തീ 27/1/21)

## 1-53 ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥിക്ക് ആനുകൂല്യം നല്കി-ലാപ്ടോപ്പിന്റെ വില 22703 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 12/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് G3/127591/19 | 73 | 6/3/20 | 454060 | ക്രമ.നം.17 കുമാരി ശീതൾ കെ.എസ് ന്റെ രേഖകൾ പ്രകാരം (ജാതി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്) എന്നിവ പ്രകാരം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലാണ് താമസം. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പാക്കാൻ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ |

| | | | | |
|---|---|---|---|---|
| | | | | ലാപ്ടോപ്പ് വില 22703 രൂപ തടസ്സപ്പെടുത്തുന്നു. |

(ഓഡിറ്റ് എൻക്വയറി 52 തീ 27/1/21)

## 1-54 പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവ്-ന്യൂനതകൾ-279992 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 01/20 പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവ് (ഫയൽ ജി3-7814/19) | 6 | 24/5/19 | 128120 | ഇതിൽ മത്തായി കാറ്ററിംഗ് സർവ്വീസിന് നല്കിയ തുക 44000 രൂപയിൽ നിന്ന് ആദായനികുതി നിയമം 1961 വകുപ്പ് 194(സി) പ്രകാരം ആദായ നികുതി TDS നടത്തിയില്ല |
| | 23 | 20/8/19 | 90,000 | 36 കൗൺസിലർമാർക്ക് 2500 വീതം വാർഡ് സഭ നടത്തിപ്പിനായി നല്കിയ തുക ഇതിൽ 2,13,17,19,32,33,35 എന്നീ വാർഡുകളുടെ ഒഴികെ ചെലവ് രേഖകൾ ഫയലിൽ ഇല്ല |
| | 38 | 26/9/19 | 59592 | 1. ദേശാഭിമാനി പബ്ലിക്കേഷൻസിന് പരസ്യ ചെലവിനത്തിൽ നല്കിയ തുക 5292 രൂപ, ജനയുഗം പബ്ലിക്കേഷൻസിന് പരസ്യ ചെലവിനത്തിൽ നല്കിയ തുക 3150 രൂപ എന്നിവയിൽ സർക്കാർ ഉത്തരവ് (ആർടി)1/2011/ ഐ പി ആർഡി തീ 4/1/11) പ്രകാരം നിർദ്ദേശിച്ച രീതിയിൽ 15% ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല. |
| | 64 | 1/2/20 | 40400 | 1. ശ്രീമതി റോസ് മരിയ ബേബി-13600 ശ്രീമതി കൃഷ്ണപ്രിയ മുരളി-22,000 ശ്രീമതി സുനിത ടി.വി – 4800 എന്നിങ്ങനെ തുക ഡാറ്റാ എൻട്രി നടത്തിയതിന് തുക നല്കിയിരിക്കുന്നു. മസ്റ്റർ റോൾ ഫയലിൽ ഇല്ല |
| | 63 | 1/2/20 | 90,000 | 36 കൗൺസിലർമാർക്ക് 2500 വീതം വാർഡ് സഭ നടത്തിപ്പിനായി |

| | | | | |
|---|---|---|---|---|
| | | | | നല്കിയ തുക, ചെലവ് രേഖകൾ ഫയലിൽ ഇല്ല |

രേഖകൾ ഹാജരാക്കുന്നതുവരെ കൗൺസിലർമാർക്ക് നല്കിയ തുക 1,80,000(90,000+90,000), പത്രപരസ്യത്തിന്റെ ഡിസ്കൗണ്ട് തുടർബില്ലുകളിൽ ക്രമീകരിക്കുന്നതു വരെ 59592, മസ്റ്റർ റോൾ ഹാജരാക്കുന്നതുവരെ 40,400 രൂപ ഇപ്രകാരം ആകെ 279992 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാറ്ററിംഗ് സർവ്വീസിന് തുക നല്കുമ്പോൾ നിയമപ്രകാരമുള്ള ആദായനികുതി ടിഡിഎസ് കുറവ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 52 തീ 27/1/2021)

## 1-55 ലാന്റ് അക്വിസിഷൻ ബാധ്യതകൾ - കൈപ്പറ്റ് രസീത് ഇല്ല-വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല-24993099 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 340/20-തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ(സാധാ)നം 1756/19 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലാന്റ് അക്വിസിഷൻ കേസുകളിൽ തുക അടവാക്കൽ<br>(ജി3-129015/19) | 45 | 12/2/20 | 1,45,00,000 | പ്രിൻസിപ്പൽ സബ് ജഡ്ജ്, സബ്ബ് കോർട്ട് ഇരിങ്ങാലക്കട, അക്കൗണ്ട് നമ്പർ 79901190000047 ലേക്ക് 13181818 രൂപയും 1318182 രൂപ ആദായ നികുതി ഇനത്തിലേക്കും ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.<br>LAR 22/10 ലേക്കാണ് ഈ തുക അടവാക്കിയിട്ടുള്ളത്. 31/5/18ൽ കേസിൽ അടക്കേണ്ട തുക 148526710 രൂപയാണ്. (133675555 രൂപ + ആദായ നികുതി 14851155)<br>1. 1,45,00,000 രൂപ അടച്ചതിന്റെ രസീത് ഫയലിൽ ലഭ്യമല്ല.<br>2.അടവാക്കാനുള്ള തുക രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അടവാക്കുന്ന തുക കുറവ് ചെയ്ത് ബാക്കി തുക കണക്കാക്കി സൂക്ഷിക്കുകയും ചെയ്യുന്നതായി കാണുന്നില്ല<br>3.വാർഷികകണക്കിലെ ബാലൻസ്ഷീറ്റിൽ ഈ തുക കൊടുക്കാനുള്ള തായി രേഖപ്പെടുത്തി കാണുന്നില്ല<br>(വൗച്ചർ നമ്പർ 21901883 തീ 18/11/2019 പ്രകാരം ഈ തുക "412100100-Capital Work In |

| | | | | |
|---|---|---|---|---|
| | | | | Progress – Development Fund” എന്ന ശീർഷകത്തിലേക്കാണ് ഡെബിറ്റ് ചെയ്തിരിക്കുന്നത്.) |
| | 46 | 12/2/20 | 50,00,000 | പ്രിൻസിപ്പൽ സബ് ജഡ്ജ്, സബ്ബ് കോർട്ട് ഇരിങ്ങാലക്കുട, അക്കൗണ്ട് നമ്പർ 79901190000047 ലേക്ക് 4545455 രൂപയും 454545 രൂപ ആദായ നികുതി ഇനത്തിലേക്കും ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.<br>LAR 23/10 ലേക്കാണ് ഈ തുക അടവാക്കിയിട്ടുള്ളത്. 30/11/18ൽ കേസിൽ അടക്കേണ്ട തുക 57371692 രൂപയാണ്. (51482028 രൂപ + ആദായ നികുതി 5889664)<br>1.തുക അടച്ചതിന്റെ രസീത് ഫയലിൽ ലഭ്യമല്ല.<br>2.അടവാക്കാനുള്ള തുക രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അടവാക്കുന്ന തുക കുറവ് ചെയ്ത് ബാക്കി തുക കണക്കാക്കി സൂക്ഷിക്കുകയും ചെയ്യുന്നതായി കാണുന്നില്ല<br>3.വാർഷികകണക്കിലെ ബാലൻസ്ഷീറ്റിൽ ഈ തുക കൊടുക്കാനുള്ളതായി രേഖപ്പെടുത്തി കാണുന്നില്ല.<br>(വൗച്ചർ നമ്പർ 21901884 തീ 18/11/2019 പ്രകാരം ഈ തുക "412100100- Capital Work In Progress – Development Fund” എന്ന ശീർഷകത്തിലേക്കാണ് ഡെബിറ്റ് ചെയ്തിരിക്കുന്നത്.) |

| പ്രോജക്റ്റ് | ട്രഷറി ബിൽ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | നമ്പർ | | | |
| 10/20- ഇൻഡോർ സ്റ്റേഡിയം സ്ഥലമെടുപ്പ് തുക അടവാക്കൽ | 22<br>75 | 26/7/19<br>6/3/20 | 4840000<br>653099 | പ്രിൻസിപ്പൽ സബ് ജഡ്ജ്, സബ്ബ് കോർട്ട് ഇരിങ്ങാലക്കട, അക്കൗണ്ട് നമ്പർ 79901190000047 ലേക്ക് 4400000 രൂപയും 440000 രൂപ ആദായ നികുതി ഇനത്തിലേക്കും ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.<br>LAR 22/10 ലേക്കാണ് ഈ തുകകൾ അടവാക്കിയിട്ടുള്ളത്.<br>1. മേൽ തുകകൾ (4840000 + 653099) അടച്ചതിന്റെ രസീത് ഫയലിൽ ലഭ്യമല്ല.<br>2.അടവാക്കാനുള്ള തുക രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അടവാക്കുന്ന തുക കുറവ് ചെയ്ത് ബാക്കി തുക കണക്കാക്കി സൂക്ഷിക്കുകയും ചെയ്യുന്നതായി കാണുന്നില്ല<br>3.വാർഷികകണക്കിലെ ബാലൻസ്ഷീറ്റിൽ ഈ തുക കൊടുക്കാനുള്ള തായി രേഖപ്പെടുത്തി കാണുന്നില്ല<br>ഈ തുകകൾ "412100100- Capital Work In Progress - Development Fund" എന്ന ശീർഷകത്തിലേക്കാണ് ഡെബിറ്റ് ചെയ്തിരിക്കുന്നത്. |

തുക അടവാക്കിയതിന്റെ കൈപ്പറ്റ് രസീതും, നാളിതുവരെ അടവാക്കാനുള്ള തുകയുടെ വിവരങ്ങൾ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കി അത് രജിസ്റ്ററിലും വാർഷികകണക്കിലും ചേർത്ത് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 24993099 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 52 തീ 27/1/21, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-56 കന്നുകുട്ടി പരിപാലന പദ്ധതി. എട്ടു പേർ നാമമാത്രമായി മാത്രം ഫീഡ് വാങ്ങിയിരിക്കുന്നു

ഓഡിറ്റ് വർഷം കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ആകെ അഞ്ചു ലക്ഷം രൂപ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും എസ്.എൽ.ബി.പി. ക്ക് കൈമാറിയിട്ടുണ്ട്. വെറ്ററിനറി സർജൻ ഓഡിറ്റിന് സമർപ്പിച്ച ഫീഡ് രജിസ്റ്റർ പ്രകാരം ആകെ 40 ഗുണഭോക്താക്കളിൽ താഴെ ചേർക്കുന്ന എട്ടു പേർ നാമമാത്രമായി മാത്രമേ ഫീഡ് വാങ്ങിയിട്ടുള്ളൂ. പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് ഈ വിവരം എസ്.എൽ.ബി.പി നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും ഉപയോഗിക്കാതെ വന്ന തുക കണക്കാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിൽ കുറവു ചെയ്യേണ്ടതുമാണ്.

പ്രോജക്ട് നമ്പർ. 28/19

വൗച്ചർ നമ്പർ. 21902123/ 04-01-20

തുക - 500000

| ക്രമ | എൻറോൾമെന്റ് | ഗുണഭോക്താവിന്റെ | ആകെ എത്ര |
|---|---|---|---|

| നമ്പർ | ലിസ്റ്റിലെ ക്രമ നമ്പർ | പേര് | മാസം വാങ്ങി എന്ന വിവരം |
|---|---|---|---|
| 1 | 13 | രാധ അഭിമന്യൂ | ഒരു തവണയും വാങ്ങിയിട്ടില്ല |
| 2 | 16 | സുബ്രഹ്മണ്യൻ ഇല്ലിക്കൽ | ഒരു തവണയേ വാങ്ങിയിട്ടുള്ളൂ |
| 3 | 17 | ടി.വി.പോൾസൻ | നാലു തവണ മാത്രം വാങ്ങി |
| 4 | 20 | സത്യ ധർമ്മൻ | ഒരു തവണയും വാങ്ങിയിട്ടില്ല |
| 5 | 21 | ജോസ് ജോസഫ് | ഒരു തവണയും വാങ്ങിയിട്ടില്ല |
| 6 | 30 | സുനിൽ നാലുങ്കൽ | അഞ്ചു തവണ മാത്രം വാങ്ങി |
| 7 | 35 | ജോർജ്.ടി | ഒരു തവണയും വാങ്ങിയിട്ടില്ല |
| 8 | 39 | ഭാസ്കരൻ | രണ്ട് തവണ മാത്രം വാങ്ങി |

## 1-57 തൊഴിൽ നികുതി-രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി, സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആവശ്യമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കിയ മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ, റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം, തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ മുഴുവൻ വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളുടെ പേരും അടവാക്കിയ ആകെ തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംബന്ധിച്ച് സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പൂർണ്ണമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-58 തൊഴിൽ നികുതി അപാകതകൾ

I. കൃത്യമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ, സ്ഥാപന മേധാവി സമർപ്പിച്ചിരിക്കുന്ന റിട്ടേൺ എന്നിവയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കുറവ് നികുതി ഈടാക്കിയതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധ വർഷം | ജീവനക്കാരന്റെ പേര് | 6 മാസത്തെ ശമ്പളം | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|---|
| KSEB | 2019-20 | I | ശ്രീലത B | 165594 | 600 | 1250 |
| ധന്യ മിഷൻ ഹോസ്പിറ്റൽ | 2019-20 | I | റെക്സി ഡേവിസ് | 137280 | 600 | 1250 |
| പഞ്ചാബ് നാഷണൽ ബാങ്ക് | 2019-20 | I | ദിവ്യ കെ.കെ | 161400 | 750 | 1250 |
| ദേനാ ബാങ്ക് | 2019-20 | I | അർച്ചന V | 253000 | 416 | 1250 |

മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരിൽ നിന്നും കൃത്യമായ തൊഴിൽ നികുതി ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.47/19-20 തീയതി 25/01/2022) ഈടാക്കേണ്ട ബാക്കി തുക അതത് സ്ഥാപനമേധാവികൾക്ക് നോട്ടീസ് നൽകി അടവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

II. **അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

2019-20 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി കണ്ടു. ആയതിനാൽ നഗരസഭാ പരിധിയിൽ എത്ര അംഗീകൃത കോൺട്രാക്ടർമാരുണ്ടെന്ന വിവരം നൽകണമെന്നും, അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിൽ വിശദീകരണം ലഭ്യമാക്കണമെന്നും 27/01/2022 ലെ ഓഡിറ്റ് എൻക്വയറി നം.55/19-20 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഗരസഭാ പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കി അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ട നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്.

III. **ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കണ്ടില്ല.

| 2019-20 (ഒന്നാം അർദ്ധവർഷം) | |
|---|---|
| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
| 1. | KINGS FURNITURE COMPANY |
| 2. | COMMERCE ACADEMY |
| 3. | UAE EXCHANGE LTD. |
| 4. | MOOLANS SUPERMARKET |
| 5. | സിദ്ധാർത്ഥ റസ്റ്റോറന്റ് |
| 6. | ചാലക്കുടി മൾട്ടിപർപ്പസ് സഹകരണ സംഘം |
| 7. | J.K സ്പെഷ്യാലിറ്റീസ് |
| 8. | സ്റ്റേഷൻ മാനേജർ, സതേൺ റെയിൽവേ |
| 9. | വിജയാ ബാങ്ക്/ബാങ്ക് ഓഫ് ബറോഡ |
| 10. | ഫ്രണ്ട്സ് ഓട്ടോ ഗാരേജ് |
| 11. | ലോർഡ് കൃഷ്ണ അലുമിനിയം |
| 12. | കംഫർട്ട് സൂപ്പർമാർക്കറ്റ് |
| 13. | BRD SECURITIES LTD. |
| 14. | അക്കരക്കാരൻ സോ മിൽ |
| 15. | അലക്സ് കമ്പ്യൂട്ടറൈസ്ഡ് ഫോട്ടോസ്റ്റാറ്റ് |
| 16. | പയ്യപ്പിള്ളി ജ്വല്ലറി |

| 2019-20 (രണ്ടാം അർദ്ധവർഷം) | |
|---|---|
| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
| 1. | KSCSC ഡിപ്പോ, ചാലക്കുടി |
| 2. | നവരത്ന HYPERMARKET |
| 3. | മണപ്പുറം ഫിനാൻസ് |
| 4. | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് |
| 5. | KINGS FURNITURE COMPANY |
| 6. | ORIENTAL INSURANCE COMPANY LTD. |
| 7. | GEOJITH BNP PARIBAS FIN. SERVICE |
| 8. | MOOLANS SUPERMARKET |
| 9. | സപ്ലൈകോ ചാലക്കുടി |
| 10. | കേരള ഖാദി ഗ്രാമോദ്യോഗ ഭവൻ |
| 11. | ഇലഞ്ഞിപ്ര അഗ്രികൾച്ചറൽ സൊസൈറ്റി (നീതി മെഡിക്കൽസ്) |
| 12. | അസി.രജിസ്ട്രാർ, ചാലക്കുടി |
| 13. | നന്ദനം സാനിറ്ററീസ് |
| 14. | പിട്ടാപ്പിള്ളിൽ ഏജൻസി |
| 15. | LBS- SUB CENTRE |
| 16. | GEOJIT FINANCIAL SERVICES LTD. |
| 17. | IRM LP SCHOOL |
| 18. | സ്റ്റേഷൻ മാനേജർ, സതേൺ റെയിൽവേ |
| 19. | കാർമൽ ഹൈസ്കൂൾ (കാർമൽ അക്കാദമി) |
| 20. | KSBC LTD. |
| 21. | കംഫർട്ട് സൂപ്പർമാർക്കറ്റ് |
| 22. | BRD SECURITIES LTD. |
| 23. | മെഡിക്കൽ ഓഫീസർ ആയുർവേദ ഹോസ്പിറ്റൽ |
| 24. | അഭിരാമി ഇൻഡസ്ട്രീസ്, V.R പുരം |
| 25. | മുത്തൂറ്റ് ഫിൻകോർപ്പ് |
| 26. | ഗോകുലം ചിറ്റ്സ് |
| | |

| | |
|---|---|
| 27. | ജോൺസ് ബൈവീലേഴ്സ് ഹോണ്ട |
| 28. | D - സിനിമാസ് |
| 29. | അലക്സ് കമ്പ്യൂട്ടറൈസ്ഡ് ഫോട്ടോസ്റ്റാറ്റ് |
| 30. | ലോർഡ് കൃഷ്ണ അലൂമിനിയം |
| 31. | ശിരസ്തദാർ, മുൻസിഫ് കോർട്ട് , ചാലക്കുടി |
| 32. | CDS അക്കൗണ്ടന്റ് ,SDS PMAY |
| 33. | ഇരിഞ്ഞാലക്കുട ടൗൺ കോപ്പറേറ്റീവ് ബാങ്ക് |
| 34. | ചെർപ്പണത്ത് ഇൻസ്റ്റൈൽ |
| 35. | ASST. MANAGER, KERALA STATE WAREHOUSE CORPORATION |
| 36. | KLM AXIVA INVEST |
| 37. | INDUSIND MARKETING AND FINANCIAL SERVICES |
| 38. | MAX VALUE CREDITS AND INVESTMENTS |

2019-20 സാമ്പത്തിക വർഷത്തിൽ വിവിധ അർദ്ധവർഷങ്ങളിലായി മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ 25/01/2022 ലെ ഓഡിറ്റ് എൻക്വയറി നം. 49/19-20 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ മേധാവികൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-59 നഗരസഭാ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1999 ലെ കേരളാ മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ പാടുള്ളതല്ല. ഗൂഗിളിൽ സെർച്ച് ചെയ്തതിൽ നിന്നും താഴെപ്പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ചാലക്കുടി നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ആയവ 2019-20ലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്തതായി കണ്ടില്ല.

**1. ബ്രില്ല്യൻസ് കോളേജ് ചാലക്കുടി**
**2. വിസ്ഡം ഇൻസ്റ്റിറ്റ്യൂട്ട്, പാലസ് റോഡ്, ചാലക്കുടി**
**3. Scholar's Academy – South Chalakudy**
**4. Adonijah Academy Of IELTS AND OET**

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നതിൽ 29/01/2022 ലെ ഓഡിറ്റ് എൻക്വയറി നം.70/19-20 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ മുനിസിപ്പൽ പരിധിയിലുള്ള എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്ന് ഫീൽഡ് പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്.

## 1-60 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ- അപാകതകൾ

2019-20 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, ഡി ആൻഡ് ഒ ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ ഇല്ലാതെയോ, രജിസ്ട്രേഷൻ പുതുക്കാതെയോ പ്രവർത്തിക്കുന്നതായി കണ്ടു.

**I. രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നവ**
**A. II/556 - ഹോമിയോ ക്ലിനിക്ക് - Dr. K.B SHEEBA**
**B. X/326 - ആയുർവേദ ക്ലിനിക്ക് - രഞ്ജിത്ത് ആന്റണി**
**C. XVIII/248 - മെഡിക്കൽ ലബോറട്ടറി - ജോർജ്ജ്**
**D. XXI/936 - ഹോമിയോ ക്ലിനിക്ക് - ഡോ.പി രാധാകൃഷ്ണൻ**

**II. രജിസ്ട്രേഷൻ പുതുക്കാത്ത സ്ഥാപനങ്ങൾ**
**A. XIII/373 – St.John's Medical Lab – DIXY SHAJAN**
**B. Meditech Diagnostic Centre - V. പ്രേമലത**
**C. X/290 - കാസിം മെമ്മോറിയൽ ഹോസ്പിറ്റൽ - ഡോ.റിഫ്സാന ഫാത്തിമ**
**D. ചാക്കോളാസ് ഡെന്റൽ ക്ലിനിക്ക് – Dr. Jeff James**
**E. Palace Hospital – E. നാരായണൻ**
**F. Hear Care Hearing And Speech Therappy Centre – നന്ദു P.V**
**G. IX/433B - ദേവജ്യോതി ഹോമിയോ ക്ലിനിക്ക് - ഡോ. വിനീത രഞ്ജിത്ത്**
**H. Medicare Diagnostic Centre – ആന്റോ T.T**
**I. XXXII/212D - Nanotech Diagnostic Centre - ശിവദാസൻ K.V**

**J. X/290-94 – CCMK VILLAGE HOSPITAL - ഡോ. ആമിന മെഹബൂബ്**

**K. X/337B – Life Care Laboratory – P.C തോമസ്**

**L. XXI/29-30 – Smile Speciality Dental Clinic - ഡോ. രശ്മി പൗലോസ്**

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെയും, രജിസ്ട്രേഷൻ പുതുക്കാതെയും പ്രവർത്തിക്കുന്നതിൽ 25/01/2022 ലെ ഓഡിറ്റ് എൻക്വയറി നം.48/19-20 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും, രജിസ്ട്രേഷൻ പുതുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് പുതുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ നഗരസഭാ പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്നും, രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്നും പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-61 പാലിയേറ്റീവ് കെയർ പ്രൊജക്റ്റ്- ഫിസിയോ തെറാപ്പിസ്റ്റിന്റെ നിയമനം-സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം.43/20-പാലിയേറ്റീവ് കെയർ പ്രൊജക്റ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, ചാലക്കുടി

അടങ്കൽ-10,75,000/-(വികസനഫണ്ട്, ജനറൽ)

ചെലവ്-10,75,000/-(വികസനഫണ്ട്, ജനറൽ)

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ.(സാധാ)നം.553/2019/ത.സ്വ.ഭ.വ. തി.07.03.2019 ഖണ്ഡിക 2.14 പ്രകാരം ഫിസിയോ തെറാപ്പി സേവനം ആവശ്യമുള്ള രോഗികളെ സി എച്ച് സി യിലേയ്ക്ക് റഫർ ചെയ്ത് സി എച്ച് സി വഴി ലഭ്യമാക്കിയിട്ടുള്ള ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതുവഴി രോഗികൾക്ക് ആവശ്യമായ സേവനം ലഭ്യമാകുന്നില്ല എങ്കിൽ ബാച്ചിലർ ഓഫ് ഫിസിയോ തെറാപ്പി പാസായിട്ടുള്ള ഒരാളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇങ്ങനെ നിയമനം നടത്തുമ്പോൾ ഒരു മാസത്തിൽ കുറഞ്ഞത് ഒരു ദിവസം ഗൃഹസന്ദർശനം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വർഷത്തിൽ പരമാവധി 20 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി സേവനം നൽകിയ ദിവസങ്ങൾക്ക് ഒരു ദിവസത്തിന് 800/- രൂപ നിരക്കിൽ വേതനം നൽകാവുന്നതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ച് ഒരു വർഷം പരമാവധി നൽകാവുന്ന വേതനം 16000/- രൂപയാണ് (20x800). ഇതിനു വിരുദ്ധമായി താഴെപ്പറയും പ്രകാരം ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിച്ച് വേതനം നൽകിയതായി കാണുന്നു.

| ക്രമ നം. | വൗച്ചർ നം,തിയതി തുക | ഫിസിയോ തെറാപ്പിസ്റ്റിന് നൽകിയ വേതനം | ഏതു മാസത്തേയ്ക്ക് | റിമാർക്സ് |
|---|---|---|---|---|
| 1 | 21901842, 08.08.2019 75,000/- | 15,000 | 4/19 | ഡിനോ ചെറിയാൻ |
| 2 | 21901913 21.12.2019 3,32,000/- | 15,000 | 11/19 | ശ്രീമതി റെറ്റി റോയ് |
| 3 | 21901931 09.01.2020 15,000/- | 15,000 | 12/19 | ശ്രീമതി റെറ്റി റോയ് |
| 4 | 21901952 05.02.2020 30,000/- | 15,000 | 1/20 | ശ്രീമതി റെറ്റി റോയ് |
| 5 | 21902133 02.03.2020 30,000/- | 15,000 | 2/20 | ശ്രീമതി റെറ്റി റോയ് |
| 6 | 21902139 06.03.2020 30,000/- | 15000 | 3/20 | ശ്രീമതി റെറ്റി റോയ് |
| | ആകെ | 90,000 | | |
| | നൽകാവുന്നത് | 16,000 | | |
| | അധികം നൽകിയത് | 74,000 | | |

അധിക തുക നൽകിയതിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (11/21.01.2022)യ്ക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 74,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-62 അനുഗ്രഹ സദന് മരുന്ന് വാങ്ങി നൽകൽ-സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്

പ്രൊജക്ട് നം.44/20

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, ചാലക്കുടി

അടങ്കൽ-50,000(വികസനഫണ്ട്, ജനറൽ)

ചെലവ്-50,000(വികസനഫണ്ട്, ജനറൽ)

(വൗച്ചർ നം.21901910 തി.21.12.2019)

നഗരസഭാപരിധിയിലെ സെറിബ്രൽ പാൾസി രോഗമുള്ള കുട്ടികളെ സംരക്ഷിക്കുന്ന സ്വകാര്യ സ്ഥാപനമായ അനുഗ്രഹ സദനിലേയ്ക്ക് മേല്പറഞ്ഞ പ്രൊജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി 50,000/- രൂപ മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് PRF 2748/27.11.2019 പ്രകാരം). സ.ഉ.(കൈ) നം.22/18 ത സ്വ ഭ വ തി. 14.02.2018ലെ ഖണ്ഡിക 7.5.3 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യസ്ഥാപനങ്ങൾക്കാണ് മരുന്ന് വാങ്ങി നൽകാവുന്നത്. ഇതിനു വിരുദ്ധമായി സ്വകാര്യ സ്ഥാപനത്തിനു മരുന്നു വാങ്ങി നൽകിയതിനു സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (12/21.01.2022)യ്ക്ക് നൽകിയ മറുപടി തൃപ്തികരമല്ല.

സർക്കാർ സാധൂകരണം ലഭ്യമാകുന്നതുവരെ ചെലവുതുക 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-63 വസ്തുനികുതി പരിശോധന - ഫയലുകൾ ഹാജരാക്കിയില്ല

2019-20 സാമ്പത്തികവർഷത്തിലെ ഓഡിറ്റിനായി വസ്തുനികുതി നമ്പറിംഗുമായി ബന്ധപ്പെട്ട താഴെ പറയുന്ന ഫയലുകൾ ഹാജരാക്കുവാൻ ഇൻഫോർമലായും തുടർന്ന് 25.01.2022 ലെ ഓഡിറ്റ് അന്വേഷണം നം.38/2019-20 പ്രകാരവും ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ വസ്തുനികുതി പരിശോധന നടത്തുവാൻ സാധിച്ചില്ല.

| ക്രമ നം. | ഫയൽ നമ്പർ |
|---|---|
| 1. | E3-TBA(238818)/2018 |
| 2. | BA/581/11-12 |
| 3. | E3-TBA(36492)2019 |
| 4. | E2-TBA(17275)18 |
| 5. | E2-TBA61133/2019 |
| 6. | E2-3220/2019 |
| 7. | BAA-313/13-14 |
| 8. | E3-TBA(250647)/2018 |
| 9. | E3-TBA-203501/2019 |
| 10. | BA/1621/14-15 |
| 11. | E3-TBA(32947)2016 |
| 12. | E3-TBA(53871)/2017 |
| 13. | E3-TBA(34368)/17 |
| 14. | R2-712/20 |
| 15. | R2-172/20 |
| 16. | E3-TBA-221932/2019 |
| 17. | E3-TBA-259372/2018 |
| 18. | R2-121473/19 |
| 19. | R2-8008/19(SPLIT) |
| 20. | E3-TBA-77811/2017 |
| 21. | R2-9589/19 |
| 22. | E3-TBA-71155/17 |
| 23. | E3-TBA-73747/2017 |
| 24. | E3-TBA-277605/17 |
| 25. | E3-82/2020 |
| 26. | E3-TBA(80746)/2017 |
| 27. | E3-TBA(341074)/19 |
| | |

| | |
|---|---|
| 28. | BA/284/13-14 |

## 1-64 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11 ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തുക | പത്രം | ചെക്ക് നമ്പർ |
|---|---|---|---|---|
| 1 | 21900073 | 9408 | മാതൃഭൂമി | 121171/16.08.19 |
| 2 | 21900074 | 48384 | ദേശാഭിമാനി | 121172/16.08.19 |
| 3 | 21901038 | 17640 | ദേശാഭിമാനി | 607437/29.10.19 |
| 4 | 21901175 | 2520 | ജനയുഗം | 803325/26.11.19 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവിധ ബില്ലുകളിലായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 24/22.01.2022)

## 1-65 കമ്മിറ്റി തീരുമാനങ്ങൾ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല

താഴെ പറയുന്നകമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടികൾ ആരാഞ്ഞ്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭയിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

1. 29-4-2019 ലെ തീരുമാനം 1

ചാലക്കുടി നഗരസഭാപരിധിയിൽ മാള-ചാലക്കുടി റോഡിൽ ഗവ.ഐടിഐയ്ക്കടുത്ത് നിന്ന് ടെലഫോൺ എക്സ്ചേഞ്ച് വഴി കടന്ന് പോകുന്ന കെ കെ റോഡിൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരമുള്ള, 30,42,423/ രൂപാ റിസ്റ്റോറേഷൻ ഫീസ് ഈടാക്കി കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് കേരളാ വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

2. 29-4-19ലെ തീരുമാനം32

ചാലക്കുടി നഗരസഭാ പോട്ട വില്ലേജിൽ സർവേ നം.212/2ൽ പെട്ട രണ്ട്സെന്റ് സ്ഥലം വയോജനമന്ദിരം നിർമിക്കുന്നതിനായി വിട്ട് നൽകുന്നതിന് തയ്യാറാണെന്ന് കാണിച്ച്, ശ്രീ.മാർട്ടിൻ.യു.വി, ഊക്കൻ ഹൗസ്, ചാലക്കുടി എന്നവരുടെ സ്ഥലം ഏറ്റെടുക്കുന്നതിനും ആസ്തി രജിസ്റ്ററിൽ ചേർത്ത് വയോജനമന്ദിരം നിർമിക്കുന്നതിനും തീരുമാനിച്ചു.

3. 23-2-21ലെ തീരുമാനം-8

നഗരസഭയിലെ ആശാരിപ്പാറ, താണിപ്പാറ എന്നീ പ്രവർത്തനരഹിതമായ രണ്ട് പാറമടകളിലും അപകടസൂചനാ ബോർഡ് സ്ഥാപിക്കുന്നതിനും, താണിപ്പാറയിൽ സംരക്ഷണഭിത്തി കെട്ടുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

4. 22-3-21 ലെ തീരുമാനം-7

ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കുന്നത് സമബന്ധിച്ച് കൗൺസിൽ എടുത്ത തീരുമാനം എത്രയും വേഗത്തിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചു. പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക നഗരസഭയുടെ പദ്ധതിവിഹിതത്തിൽ നിന്നോ മറ്റേതെങ്കിലും വിഹിതത്തിൽ നിന്നോ ഈടാക്കാതെ തന്നെ പൂർണമായി ഒഴിവാക്കി നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചു.

മേൽ തീരുമാനങ്ങളുടെ തുടർനടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഡിപ്പാർട്ട്മെന്റ് സപ്ലൈക്ക് ആധികാരികമായി രേഖകൾ ഹാജരാക്കിയില്ല. 196868 രൂപയുടെ

## ചെലവ് ചെയ്തത് ഓഡിറ്റിൽ നിരാകരിക്കുന്നു.

അട്ടാത്തോട് കെട്ടി സംരക്ഷണം. പാലിയം പാടം ബൈലൈൻ. വി.ആർ.പുരം. ഐ.ടി.സി ഗ്രീൻവാലി റോഡ് റീടാറിംഗ്.

എസ്.ഒ. 116/18

ആകെ പ്രവർത്തി മൂല്യം. 818962 (0.52% ടെൻഡർ ബിലോ കഴിച്ച് )

ബിൽ തയ്യാറാക്കിയ തിയ്യതി.27/03/2019

MB NO. 112/18-19

Page .19

20/03/2019

വൗച്ചർ നമ്പർ. 21901748/ 17-04-2019

തുക. 777621

നിർവ്വഹണോദ്യോഗസ്ഥൻ. മുനിസിപ്പൽ എഞ്ചിനീയർ

ഈ പ്രവർത്തിയിൽ ഡിപ്പാർട്ട് മെന്റൽ മെറ്റീരിയൽ ആയി 196868 രൂപയുടെ ടാർ ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഇതേത്തുടർന്ന് ഓഡിറ്റിൽ താഴെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നു.

1. ടാർ വാങ്ങി നൽകിയതിന് നഗരസഭ ടാർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ.

2. കരാറുകാരൻ ടാർ റിക്വയർമെന്റ് അനുസരിച്ച് ടാർ വാങ്ങി കൊണ്ടുവന്നു എങ്കിൽ ഒറിജിനൽ ബിൽ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടോ.

3.പ്രവർത്തിക്കുള്ള റിക്വയർമെന്റ് കണക്കാക്കിയതിന്റെ രേഖയുണ്ടോ.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ-4/ 18-01-2022) നഗരസഭ മുനിസിപ്പൽ എഞ്ചിനീയർക്ക് കൈമാറിയിട്ടുള്ളതാണ്.

എന്നാൽ നഗരസഭ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ മേൽപ്രകാരമുള്ള സപ്ലൈ വിശദീകരിക്കുന്ന തരത്തിലുള്ളതായിരുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് രജിസ്റ്റർ ബിൽ എന്നിവയുടെ കാര്യത്തിൽ കൃത്യമായ വിശദീകരണം നൽകാനോ, ടാർ വാങ്ങിയതിന്റെ ഇൻവോയ്സ് എന്നിവ ഹാജരാക്കാനോ ആയിട്ടില്ല. മെറ്റീരിയിൽ റിക്വയർമെന്റ് തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കാനായത്. ഇതേത്തുടർന്ന് മെറ്റീരിയൽ സപ്ളൈ ചെലവു നഷ്ടമായി കണക്കാക്കാതിരിക്കാൻ മതിയായ കാരണം അറിയിക്കാനാവശ്യപ്പെട്ട് വീണ്ടും ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി ( എൻക്വയറി നമ്പർ-32/ 22-01-2022). എന്നാൽ നഗരസഭ 28/01/22 ന് നൽകിയ മറുപടിയിൽ നൽകിയ രേഖയിൽ കൂടുതലായി യാതൊന്നും ഹാജരാക്കാനില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ തൃപ്തികരമായ വിശദീകരണത്തിന്റെയും, രേഖകളുടേയും അഭാവത്തിൽ 196868 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വാർഡ് 4 -പോസ്റ്റ് ഷിഫ്റ്റിംഗ് | 21900259/ 16.06.2019 | 30067 | - | 30067 |
| | വാർഡ് 6,13,21,26-പോസ്റ്റ് ഷിഫ്റ്റിംഗ് | 21900702/ 20.08.19 | 181180 | - | 181180 |
| | വാർഡ് 21 പാർക്ക്-പോസ്റ്റ് ഷിഫ്റ്റിംഗ് | 21900858/ 30.09.19 | 150355 | - | 150355 |
| | വാർഡ് 35ലെ 2 അംഗൻവാടികളിലേയ്ക്ക് വൈദ്യുതി കണക്ഷൻ | 21900444/ 05.07.19 | 20084 | - | 20084 |
| | പോസ്റ്റ് ഷിഫ്റ്റിംഗ്- | 21901003/ | 42769 | - | 42769 |

| | | | | | |
|---|---|---|---|---|---|
| | വാർഡ് 23 | 15.11.19 | | | |
| | വാർഡ് 2ലെ അംഗൻവാടിയിലേയ്ക്ക് വൈദ്യുതി കണക്ഷൻ | 21900985/ 15.11.19 | 2471 | - | 2471 |
| | സ്ലീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ-വാർഡ് 24,34 | 21901242/ 31.12.2019 | 5238 | -- | 5238 |
| | വാർഡ് 6ലെ 123-Bഅംഗൻവാടിയിലേയ്ക്ക് വൈദ്യുതി കണക്ഷൻ | 21901468/ 23.01.20 | 2454 | -- | 2454 |
| | പോസ്റ്റ് ഷിഫ്റ്റിംഗ്-വാർഡ് 23 | 21901679/ 29.02.20 | 46000 | -- | 46000 |
| | പോസ്റ്റ് ഷിഫ്റ്റിംഗ്-വാർഡ് 24 | 21902004/ 18.03.20 | 16262 | -- | 16262 |
| | പോസ്റ്റ് ഷിഫ്റ്റിംഗ്-വാർഡ് 1 | 21902069/ 29.03.20 | 18700 | -- | 18700 |
| | പോസ്റ്റ് ഷിഫ്റ്റിംഗ്-വാർഡ് 36 | 21902003/ 18.03.20 | 23439 | -- | 23439 |
| കേരള വാട്ടർ അതോറിറ്റി | ഫിഷ് & മീറ്റ് മാർക്കറ്റ് സ്റ്റാൾ FS-46 ലേക്ക് വാട്ടർ കണക്ഷൻ | 21900403/ 27.06.19 | 150000 | 145301 | 4699 |
| | അംഗൻ വാടി135/155A യിലേക്ക് വാട്ടർ കണക്ഷൻ | 21900413/ 20.06.19 21900257/ 14.06.19 | 38000 | 19812 | 18188 |
| | അംഗൻ വാടി 35/309A യിലേക്ക് വാട്ടർ കണക്ഷൻ | 21900256/ 14.06.19 | 15000 | 14605 | 395 |
| | അംഗൻ വാടി2/168H ലേക്ക് വാട്ടർ കണക്ഷൻ | 21900869/ 30.09.19 | 12000 | -- | 12000 |
| | അറവുശാലയിലേക്ക് വാട്ടർ കണക്ഷൻ | 21900686/17.08.19 | 20000 | -- | 20000 |
| | ക്രിമറ്റോറിയം& RRF ബിൽഡിംഗിലേക്ക് വാട്ടർ കണക്ഷൻ | 21901431/23.01.20 | 170000 | 161762 | 8238 |
| | സിതാരനഗർഅംഗൻ വാടിയിലേക്ക് വാട്ടർ കണക്ഷൻ | 21901708/06.03.20 | 123000 | 78946 | 44054 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | 470/1996-1997/0118 | 39200000 | 38200000 | 920000 (മുതൽ) | | 3736000 |

| | | | | |
|---|---|---|---|---|
| SANCTION ORDER NO 2278/ 18/10/1996 | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 608957 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 608957 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 608957 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | |
|---|---|
| State Government Securities | 1257 |
| Equity Shares | 607700 |
| ആകെ | 608957 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2016-17 | 3.1 | 2017-18 | സ്റ്റേഡിയത്തിനായി അക്വയർ ചെയ്ത വകയിൽ ബാധ്യത | നിലവിൽ 18 കോടിരൂപ ബാധ്യതയുണ്ട്. ഏറ്റെടുത്ത സ്ഥലത്ത് സ്റ്റേഡിയ നിർമ്മാണം പൂർത്തീകരിച്ച വരുന്നു |
| 2016-17 | 3.6 | 2017-18 | 2010-11ൽ അംഗീകാരം ലഭിച്ച ഇൻഫോർമേഷൻ എഡ്യൂക്കേഷൻ സെന്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | പൂർത്തീകരിച്ചു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളുടെ വിവരം ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 24,79,39,062 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 27,13,50,480 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 196868 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38078960 |

**(ബി). <u>നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക | വരവ് നഷ്ടം | ചെലവു നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-1 | | 196868 | ശ്രീമതി.ജയ.പി.എസ് അസി.എഞ്ചിനീയർ |
| ആകെ | | 196868 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-41 | 185000 | സുരേഷ്.എം.കെ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-42 | 7940361 | ശ്രീമതി.ജയ.പി.എസ്, അസി.എഞ്ചിനീയർ |
| 1-46 | 3263805 | സുഭാഷ്.എം.കെ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-49 | 1000000 | ടോബി തോമസ്, സെക്രട്ടറി |
| 1-51 | 20,000 | സുഭാഷ്.എം.കെ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-52 | 2,50,000 | ,, |
| 1-53 | 22,703 | ആകാശ് എം എസ്, സെക്രട്ടറി |
| 1-54 | 149592 | ടോബി തോമസ്, സെക്രട്ടറി |
| ,, | 130,400 | ആകാശ് എം എസ്, സെക്രട്ടറി |
| 1-55 | 2,01,53,099 | ,, |
| ,, | 48,40,000 | ടോബി തോമസ്, സെക്രട്ടറി |
| 1-61 | 74000 | ഡോ.ഷീജ.എൻ.എ, മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| 1-62 | 50,000 | ഡോ.ഷീജ എൻ.എ, മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| ആകെ | 3,80,78,960 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ജയ.പി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരുമ്പാവൂർ മുനിസിപ്പാലിറ്റി | ആമ്പല്ലൂർ കളരിക്കൽ മാണിക്യമംഗലം.പി.ഒ കാലടി-683574 |
| സുഭാഷ്.എം.കെ, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, ചാലക്കുടി പി എ ട്ട | മണ്ണാശ്ശേരി ഹൗസ് കൊരട്ടി.പി.ഒ തൃശ്ശൂർ-680308 |
| ടോബി തോമസ്.പി.എ സെക്രട്ടറി | മേയർ, തൃശ്ശൂർ കോർപ്പറേഷൻ | എടപ്പിള്ളിൽ ഹൗസ്, എല്ലക്കൽ (പി.ഒ), ഇടുക്കി |
| ആകാശ്.എം.എസ്, സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി, ചാലക്കുടി | മാൻകിഴിയിൽ വീട്, പുലിക്കാട്ടിശ്ശേരി, അയ്മനം, കോട്ടയം |
| ഡോ.ഷീജ.എൻ.എ, | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ചാലക്കുടി | നെല്ലിലാൽ ഹൗസ്, പുത്തൻചിറ(S), പുത്തൻചിറ പി.ഒ, Pin.680682 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1975-76 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1976-77 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1977-78 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1978-79 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1979-80 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1980-81 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1981-82 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1982-83 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1983-84 | എൽ.എഫ്.ടി.4-646/89/08-08-89 |
| 1984-85 | എൽ.എഫ്.ടി.4-1551/90/26-06-91 |
| 1985-86 | എൽ.എഫ്.ടി.4-332/93/15-10-93 |
| 1986-87 | എൽ.എഫ്.ടി.4-1431/93/18-10-94 |
| 1987-88 | എൽ.എഫ്.ടി.4-863/95/05-02-96 |
| 1988-89 | എൽ.എഫ്.ടി.4-863/98/05-02-96 |
| 1991-92, 1992- | എൽ.എഫ്.ടി.4-1163/97/01-01-98/05-02-98 |

| | |
|---|---|
| 93 | |
| 1993-94 | എൽ.എഫ്.ടി.4-1330/05/23-12-05/07-04-06 |
| 1994-95, 95-96 | എൽ.എഫ്.ടി.4-1400/08/15-12-09 |
| 1996-97 | എൽ.എഫ്.ടി.4-1423/08/15-12-09 |
| 1997-98 | എൽ.എഫ്.ടി.4-1430/08/15-12-09 |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-742/96/02-11-98 |
| 1997-98 (ചെലവ്) | എൽ.എഫ്.ടി.4-809/99/28-08-99 |
| 1998-99 (ചെലവ്) | എൽ.എഫ്.ടി.4-1136/01/01-06-02 |
| 1999-2000 (വരവ്) | എൽ.എഫ്.ടി.4-652/09/23-04-10 |
| 1999-2000(ചെലവ്) | എൽ.എഫ്.ടി.4-598/02/09-08-02 |
| 2000-01 (ചെലവ്) | എൽ.എഫ്.ടി.4-1461/04/14-12-04 |
| 2001-02 (വരവ്) | എൽ.എഫ്.ടി.4-654/09/23-04-10 |
| 2002-03 | എൽ.എഫ്.ടി.4-655/09/23-04-10/29-10-10 |
| 2003-04 | എൽ.എഫ്.ടി.4-656/09/21-06-10/13-10-10 |
| 2004-05 | എൽ.എഫ്.ടി.4-657/09/22-06-10/23-10-10 |
| 2005-06 | എൽ.എഫ്.ടി.4-859/02-11-11/09-01-12 |
| 2006-07 | എൽ.എഫ്.ടി.4-949/02-11-11/07-01-12 |
| 2008-09 | എൽ.എഫ്.ടി(എം)1905/11/30-12-11 |
| 2009-10 | എൽ.എഫ്.ടി(എം)2612/11/19-06-12 |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-653/81/23-04-10 |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1329/05/15-01-06 |
| 2010-11 | എൽ.എഫ്.ടി(എം)2613/11/19-06-12/08-08-12 |
| 2011-12 | എൽ.എഫ്.ടി(എം)2467/12/തി.13-03-13/11-06-13 |
| 2012-13 | എൽ.എഫ്.ടി(എം)-850/14 തി09-10-14/08-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം)1272/15 തീയതി.17.10.15 |
| | |

| | |
|---|---|
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1439/16 തീയതി.8.8.16 |
| 2015-16 | കെ.എസ്. എ.ടി.എസ്.ആർ.(എം)98/2017 തീയതി.31.01.2017 |
| 2016-17 | കെ.എസ്. എ.ടി.എസ്.ആർ.(എം)161.5/2017 തീയതി.15.11.2017 |
| 2017-18 | കെ.എസ്. എ.ടി.എസ്.ആർ.(എം)864/2019തീയതി.10.07.2019 |
| 2018-19 | നം. കെ.എസ്.എ. ടി.എസ്.ആർ(എം.)324/2020തീയതി: 02/07/2020 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്